# സർക്കുലർ



***Circular Letter No. 01/2014***
***Prot. No. 14403/2013***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

കഴിഞ്ഞ പത്തുവർഷമായി നമ്മുടെ രൂപതയിലെ നിർധ നരായ കുട്ടികൾക്ക് നൽകി വരുന്ന വിദ്യാഭ്യാസ സഹായത്തെ പ്പറ്റി നിങ്ങൾക്ക് അറിവുള്ളതാണല്ലോ. നടപ്പുവർഷം വിദ്യാ ഭ്യാസ നിധിയിലേയ്ക്ക് പല സ്രോതസുകളിൽ നിന്നായി 5,59,066 രൂപയാണ് കിട്ടിയത്. അത് 116 ഇടവകകളിൽ നിന്നുള്ള 451 വിദ്യാർത്ഥികൾക്കായി വിതരണം ചെയ്യുകയും ചെയ്തു. അതുപോലെ തന്നെ 95 കുട്ടികൾക്ക് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിയ്ക്കാനുള്ള ചെലവും ഈ നിധിയിൽ നിന്നും കൊടുക്കുന്നുണ്ട്.

ഇതുപോലെ തന്നെ നമ്മുടെ രൂപതയിലെ സന്യാസിനീ സമൂഹങ്ങൾ ചേർന്ന് ഓരോ വർഷവും കുട്ടികൾക്ക് ധനസ ഹായം ചെയ്യുന്നുണ്ട്. ഈ വർഷം അവരുടെ വിദ്യാഭ്യാസ നിധി യിൽ നിന്ന് 246 കുട്ടികൾക്കായി 3,63,000 രൂപ ആണ് കൊടു ത്തത്.

താമരശ്ശേരി രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ട് എന്ന സ്ഥാപനത്തിൽ പരിശീലനം നേടുന്നതിന് 11 കുട്ടികൾ ക്കായി 2,20,000 രൂപയും നമ്മുടെ വിദ്യാഭ്യാസനിധിയിൽ നിന്ന് നടപ്പു വർഷം കൊടുക്കുകയുണ്ടായി. നല്ല മാർക്കോടെ പ്ലസ്ടു പാസായവരെയാണ് അവിടെ പ്രവേശിപ്പിക്കുന്നത്. വിവിധ കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള പരിശീലനത്തോ ടൊപ്പം ധാർമ്മികവും വിശ്വാസപരവുമായ കാര്യങ്ങളിലും അവിടെ കുട്ടികൾക്ക് പരിശീലനം ലഭിയ്ക്കുന്നു. സ്റ്റാർട്ടിൽ പരി ശീലനം കഴിഞ്ഞിറങ്ങുന്നവർക്ക് ഇന്ത്യയിലെ പ്രശസ്തമായ ഗവൺമെന്റ് കോളേജുകളിൽ വളരെയധികം ജോലി സാദ്ധ്യ തയുള്ള കോഴ്സുകൾക്ക് പ്രവേശനം ലഭിയ്ക്കുന്നുണ്ട്.

രൂപതാ വിദ്യാഭ്യാസനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്ത നിങ്ങളെയും മറ്റുള്ളവരെയും ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഏവരേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ സഹായം കൊണ്ട് പഠിയ്ക്കുന്ന കുട്ടികളുടെ പ്രാർത്ഥനയും നിങ്ങൾക്കുണ്ടാകും എന്ന് ഉറപ്പ് തരുന്നു. നിങ്ങൾ കൊടുക്കുന്ന ഓരോ രൂപയും നമ്മുടെ സമൂഹത്തിന്റെ നിർമ്മാണത്തിനായിട്ടാണ് ഉപയോഗിക്കപ്പെടുന്നത് എന്ന വസ്തുത നമ്മെ സന്തോഷിപ്പിക്കേണ്ടതാണ്. നല്ല വിദ്യാഭ്യാസം ലഭിച്ച കുട്ടികളാണ് നാളത്തെ സഭയുടെയും സമൂഹത്തിന്റെയും നട്ടെല്ല്. വിദ്യാഭ്യാസമാണ് ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഏറ്റവും പറ്റിയ മാർഗ്ഗവും.

മുൻ വർഷങ്ങളിലേതുപോലെ തന്നെ അടുത്ത വർഷവും 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന നിർധനരും നന്നായി പഠിക്കുന്നവരുമായ 500 കുട്ടികൾക്ക് 1000 രൂപ വച്ച് കൊടുക്കാനാണ് ആഗ്രഹിക്കുന്നത്. അതുപോലെ ഇപ്പോൾ ഈ നിധിയിൽ നിന്നുള്ള സഹായം കൊണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നവരെ തുടർന്ന് സഹായിക്കുകയും ചെയ്യേണ്ടതുണ്ട്. ലഭിയ്ക്കുന്ന തുകയുടെ തോതനുസരിച്ച് സ്റ്റാർട്ടിൽ ഏതാനും കുട്ടികൾക്ക് പ്രവേശനം ലഭിക്കാനുള്ള സാദ്ധ്യതയും ആരായുന്നതാണ്.

ഇക്കാര്യങ്ങൾക്ക് ധനസമാഹരണം നടത്തുന്നതിന് പതിവുപോലെ ഈ വർഷവും ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച നിങ്ങൾ സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥിക്കുന്നു. 2014 ജനുവരി മാസം 19 ന് ഞായറാഴ്ച നിങ്ങൾ കൊടുക്കുന്ന സ്തോത്രക്കാഴ്ചകൾ ഇതിനു വേണ്ടി സ്വീകരിക്കുന്നതാണ് എന്ന് ഓർമ്മപ്പെടുത്തട്ടെ. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി ഇടവകയിൽ അറിയിക്കുകയും തുക സ്വീകരിച്ച് എത്രയുംവേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം.

ജനുവരി മാസം 12 ന് ഞായറാഴ്ച സീറോ മലബാർ മിഷൻ ഞായറായി നാം ആചരിക്കുകയാണ്. അന്നത്തെ സ്തോത്രക്കാഴ്ച സീറോ മലബാർ മിഷൻ രൂപതകൾക്കുള്ളതാണ്. എന്തിനാണ് പൊതുവായുള്ളതിന് പുറമേ നമുക്കൊരു

മിഷൻ ഞായർ എന്ന് നിങ്ങൾക്ക് തോന്നാം. കത്തോലിയ്ക്കാസഭ പ്രകൃതിയാൽ തന്നെ മിഷനറിയാണ് എന്ന് രണ്ടാം വത്തിക്കാൻ സൂനഹദോസ് പഠിപ്പിക്കുന്നു. സഭയിലെ ഓരോ വ്യക്തിഗതസഭയും ഇപ്രകാരം തന്നെ. ഈ വസ്തുത നമ്മെ ഓർമ്മപ്പെടുത്താനും നമ്മുടെ പ്രാർത്ഥനയും സാമ്പത്തിക സഹായവും സീറോമലബാർ മിഷൻ രൂപതകൾക്ക് കൊടുക്കാനുമാണ് ഈ മിഷൻ ഞായർ. നമുക്ക് ഏൽപ്പിച്ച് തന്നിരിക്കുന്നത് ബൽത്തങ്ങാടി രൂപതയെയാണ്. ജനുവരി 12 ന് കിട്ടുന്ന നിങ്ങളുടെ സംഭാവനകൾ ഈ രൂപതയ്ക്ക് അയച്ച് കൊടുക്കുന്നതാണ്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഇക്കാര്യത്തിലും പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വിവരം യഥാസമയം പള്ളിയിൽ അറിയിച്ച് വേണ്ടത് ചെയ്യുമല്ലോ. ഏവർക്കും അനുഗ്രഹപ്രദമായ പുതുവത്സരം ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2013 ഡിസംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജനുവരി 5–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 02/2014***
***Prot. No. 14516/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ലഹരിവസ്തുക്കളുടെ ഉപയോഗം നമ്മുടെ സമൂഹത്തിൽ വളരെയേറെ വർദ്ധിച്ചിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. മദ്യവും മയക്കുമരുന്നുകളും സമൂഹത്തിലുണ്ടാക്കുന്ന നഷ്ടത്തെപ്പറ്റി മാദ്ധ്യമങ്ങളിലൂടെ വരുന്ന വാർത്തകൾ നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നുണ്ട്. തന്റെ ഉപയോഗത്തിനായി സ്വന്തം പിതാവ് വാങ്ങി വച്ചിരുന്ന മദ്യം അമിതമായി കുടിച്ചതിന്റെ ഫലമായി ഒരു ഒമ്പത് വയസ്സുകാരൻ മരണമടഞ്ഞ വാർത്ത പത്രങ്ങളിൽ വായിച്ചത് നിങ്ങൾ ഓർമ്മിക്കുമല്ലോ. അതേത്തുടർന്ന് ഒന്നിലധികം പത്രങ്ങൾ അതേപ്പറ്റി എഡിറ്റോറിയലുകൾ എഴുതുകയും ചെയ്തു. ഇതെല്ലാം എത്ര പേർ വായിക്കുന്നുണ്ടെന്നും ലഹരിയുടെ ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ബോധ്യം വന്ന് അതിൽ നിന്ന് പിന്തിരിയുന്നു എന്നതും വലിയൊരു ചോദ്യമായി ഇനിയും അവശേഷിക്കുന്നു.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ മദ്യം കഴിക്കുന്നവർ കേരളത്തിലാണ് എന്ന വസ്തുത നമുക്ക് ഒട്ടും അഭിമാനിക്കാവുന്ന കാര്യമല്ല. മദ്യപരുടെ കുറഞ്ഞ പ്രായം കേരളത്തിൽ കേവലം പതിമൂന്ന് ആണ് എന്നതും ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ മയക്കുമരുന്നിന്റെ ഉപയോഗം വളരെ വ്യാപകമാണ് എന്ന് പല സർവ്വേകളും സൂചിപ്പിക്കുന്നു. കുട്ടികൾതന്നെ മയക്കുമരുന്ന് വിൽപനയിൽ കണ്ണികളാകുന്നതും സാധാരണമാണിന്ന്.

മദ്യത്തിനും മയക്കുമരുന്നിനും അടിപ്പെട്ട ഒരു തലമുറയാണ് വളർന്ന് വരുന്നത് എന്നത് നമ്മെയെല്ലാം പേടിപ്പെടുത്തേണ്ട വസ്തുതയാണ്. അതിന് അതിഭയാനകവും ഭീകരവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകും എന്നതും നാം മനസ്സിലാക്കേണ്ടതാണ്. ഇതിന് തടയിടാൻ ആവശ്യമായ നടപടികൾ നമ്മൾ സ്വീകരിച്ചില്ലെങ്കിൽ വലിയ വില നമ്മൾ കൊടുക്കേണ്ടിവരും.

കഴിഞ്ഞകാലങ്ങളിൽ ലഹരിയുടെ ഉപയോഗം വളരെ രഹസ്യമായിട്ടാണ് നടന്നിരുന്നതെങ്കിൽ ഇന്നത് പരസ്യമായിട്ടാണ് നടക്കുന്നത്.

ലഹരി ഉപയോഗം തെറ്റായതും മാന്യതയുള്ളവർക്ക് ചേരാത്തതുമായ പ്രവർത്തിയാണ് എന്ന ബോദ്ധ്യം സമൂഹത്തിൽ നിലനിന്നിരുന്നതു കൊണ്ടാണ് അന്ന് അങ്ങനെ ചെയ്തിരുന്നത്. എന്നാൽ ഇന്ന് ആ സ്ഥിതി മാറിക്കഴിഞ്ഞു. പ്രത്യേകിച്ച് മദ്യപാനം സമൂഹത്തിൽ മാന്യത കൊടുക്കുന്ന ഒന്നായി മാറിക്കഴിഞ്ഞു. അതുപോലെ തന്നെ കുട്ടികളുടെ ഇടയിൽ പരസ്പരം അംഗീകാരം കിട്ടണമെങ്കിൽ മയക്കുമരുന്നിന്റെ ഉപയോഗത്തിൽ പങ്ക് ചേരണം എന്ന നിലയും ആയിക്കഴിഞ്ഞു. പണം ഉണ്ടാക്കാൻ മയക്കുമരുന്ന് വില്പന ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യാപൃതരാകുന്നത് തെറ്റല്ല എന്ന ബോധ്യവും വളരെയധികം യുവാക്കളെ ഗ്രസിച്ചിരിക്കുന്നു.

ടെലിവിഷൻ സീരിയലുകളിലും സിനിമകളിലും മദ്യപാനത്തിന്റേയും മയക്കുമരുന്നുപയോഗത്തിന്റേയും രംഗങ്ങൾ അവ തെറ്റല്ല എന്ന രീതിയിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. ഇവയിൽ അഭിനയിക്കുന്ന നടന്മാർ സമൂഹം ഏറെ ബഹുമാനിക്കുന്നവർ കൂടിയാകുമ്പോൾ അവരുടെ ദുസ്വാധീനം സമൂഹത്തിൽ എന്തുമാത്രം ഉണ്ടാകും എന്നത് ഊഹിക്കാവുന്ന വസ്തുതയാണ്.

സമൂഹത്തെ സ്വാധീനിക്കുന്നതിൽ അതിന്റെ തലപ്പത്തുള്ളവർക്ക് വലിയ പങ്കുണ്ട്. സഭയുടെ ആയാലും പൊതുസമൂഹത്തിന്റെ ആയാലും നേതൃത്വത്തിൽ ഉള്ളവർ ഇക്കാര്യത്തിൽ മാതൃക ആയിരിക്കണം എന്നതിൽ തർക്കമില്ലല്ലോ. നിർഭാഗ്യവശാൽ അവരുടെ നല്ല മാതൃക അധികമൊന്നും ഇന്ന് കാണുന്നില്ല എന്നതാണ് സത്യം.

മാത്രമല്ല, ഏതൊരാഘോഷത്തിന്റേയും അവശ്യഘടകമായി മദ്യം ഇന്ന് മാറിക്കഴിഞ്ഞു. മാമ്മോദീസായ്ക്കും വിവാഹത്തിനും എന്തിനേറെ മരിച്ചടക്കിനും മരണാനന്തരകർമ്മങ്ങൾക്കും എല്ലാം മദ്യം അവശ്യവസ്തുവായിക്കഴിഞ്ഞു. മദ്യം കൊടുക്കുന്നില്ലെങ്കിൽ ചടങ്ങുകൾക്ക് പലരും പങ്കെടുക്കാൻ മടിക്കുന്ന സ്ഥിതിയിൽവരെ കാര്യങ്ങൾ എത്തിനിൽക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ പ്രധാനമായും പുരുഷന്മാർ മാത്രമാണ് മദ്യപിച്ചിരുന്നതെങ്കിൽ ഇന്ന് സ്ത്രീകളും ഈ തിന്മയ്ക്ക് വർദ്ധിച്ചതോതിൽ അടിപ്പെടുന്നുണ്ട്. സാമൂഹ്യമായ വിലക്കുകൾ ഇക്കാര്യത്തിൽ മാറിക്കൊണ്ടിരിക്കുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. മെച്ചപ്പെട്ട സാമ്പത്തിക സാദ്ധ്യതകളും പട്ടണവാസവും അണുകുടുംബവും എല്ലാം ഇതിന്റെ പിന്നിൽ കാരണങ്ങളായി ഉണ്ട്.

എന്നാൽ യഥാർത്ഥത്തിൽ ലഹരി, അത് മദ്യമാകട്ടെ മയക്കുമരുന്നാകട്ടെ, ഉപയോഗിക്കുന്നത് മാന്യതയുടെ അടയാളമാണോ? അല്ല

എന്നതാണ് യാഥാർത്ഥ്യം. യഥാർത്ഥത്തിൽ മദ്യപാനം ബലഹീനതയുടെയും അപകർഷതാ ബോധത്തിന്റേയും മറ്റും അടയാളങ്ങളാണ്. മദ്യപൻ മറ്റുള്ളവരെ ചീത്ത വിളിക്കുമ്പോൾ കേൾവിക്കാർ പറയും *ഓ പോകട്ടെ, അവൻ കള്ളു കുടിച്ചിട്ട് പറയുന്നതാണ്* എന്ന്. അതായത് മദ്യപിച്ച് ലക്കുകെട്ടാൽ ഇങ്ങനെയൊക്കെ പറയും എന്ന് സമൂഹത്തിനൊരു മുൻവിധിയുണ്ട്. അതിനെ മുതലെടുക്കുകയാണ് മദ്യപർ ചെയ്യുന്നത്. എന്നാൽ മദ്യപാനം ബോധത്തെ കെടുത്തുന്നില്ല എന്നതിന് തെളിവാണല്ലോ പോലീസിനെ കാണുമ്പോൾ മദ്യപർ ഓടിയൊളിക്കുന്നതും അധികാരികളുടെ മുമ്പിൽ മദ്യപിച്ച് പ്രത്യക്ഷപ്പെടാതിരിക്കുന്നതും മറ്റും. പരസ്യമായി പറയാൻ പേടിയുള്ളതും ചെയ്യാൻ ലജ്ജ തോന്നുന്നതുമായ കാര്യങ്ങൾ പറയാനും ചെയ്യാനും പേടിയുള്ളവർ ആ പേടിയെ മറികടക്കാൻ കണ്ടെത്തുന്ന ഒരു തന്ത്രമായിട്ടേ മദ്യപാനത്തെയും മയക്കുമരുന്നുപയോഗത്തെയും മറ്റും കാണാൻ കഴിയുകയുള്ളൂ. മറ്റു വാക്കുകളിൽ പറഞ്ഞാൽ ഭീരുത്വത്തിന്റേയും അപകർഷതാ ബോധത്തിന്റേയും അടയാളമാണ് ലഹരിയുടെ ഉപയോഗം. ലഹരികൾക്കടിപ്പെടുന്ന കുട്ടികളുടെ കാര്യത്തിൽ ഇത് ഏറെ ശരിയാണ്.

ലഹരിയുടെ ഉപയോഗത്തിലേയ്ക്ക് ഓരോരുത്തരും കടന്നു വരുന്നത് ഓരോ കാരണത്താലാകാം. കുറേപ്പേരെങ്കിലും കൂട്ടുകാരുടേയും സമപ്രായക്കാരുടേയും നിർബന്ധം മൂലവും കളിയാക്കൽ ഭയന്നും കൂട്ടുകാരെ നഷ്ടപ്പെടുമോ എന്ന ഭയത്താലും മറ്റുമാണ് ലഹരിക്ക് അടിപ്പെടുന്നത്. ആദ്യം വെറും തമാശയ്ക്ക് ആരംഭിച്ച് പിന്നീട് അതിന് അടിപ്പെടുന്ന കാഴ്ചയാണ് പലപ്പോഴും കണ്ടു വരുന്നത്. ജീവിതത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകുമ്പോൾ അതിൽ നിന്ന് ഓടിയൊളിക്കാൻ ഉള്ള ഒരു മാർഗ്ഗമായി ലഹരിയുടെ ഉപയോഗത്തെ മറ്റ് ചിലർ കാണുന്നു. ലഹരിയുടെ ശക്തിയിൽ നിന്ന് മോചിതരാകുമ്പോൾ ആദ്യത്തേതിലും കൂടുതൽ പ്രയാസവും പ്രതിസന്ധിയും ഉണ്ടാകുന്നു എന്നതാണ് ഇവിടെ സംഭവിക്കുന്നത്. അപ്പോൾ വീണ്ടും ലഹരിയിലേക്ക് തന്നെ തിരിയും. ദൈവം, സ്വർഗ്ഗം, നരകം, പരലോകജീവിതം തുടങ്ങിയ കാര്യങ്ങളിലുള്ള വിശ്വാസം നഷ്ടപ്പെടുന്നതിന്റെ അടയാളമായി ഇതിനെ കാണാം. തനിക്ക് പ്രതിസന്ധികളുണ്ടാകുമ്പോൾ താങ്ങി നിർത്താൻ ദൈവമുണ്ട് എന്ന വിശ്വാസമുള്ളവർക്ക് ആശ്വാസം കിട്ടാൻ മദ്യത്തിൽ അഭയം തേടേണ്ടിവരുകയില്ല. ഈ ലോകത്തിന് അപ്പുറത്ത് മറ്റൊരു ജീവിതമുണ്ട് എന്നും ഇവിടെ നമ്മൾ ചെയ്യുന്ന പ്രവർത്തികൾക്ക് അനുസരിച്ചാണ് വരും ലോകത്തിൽ പ്രതിഫലം കിട്ടാൻ പോകുന്നത് എന്നുമുള്ള വിശ്വാസവും ക്ഷയിക്കുമ്പോൾ ലഹരിയിൽ അഭയം തേടാ

നുള്ള സാദ്ധ്യത ഏറെയാണ്. ധാർമ്മികമായ മൂല്യങ്ങൾക്ക് വിലകൊടുക്കാത്ത വ്യക്തികളുടെ എണ്ണം സമൂഹത്തിൽ വർദ്ധിച്ചു വരുന്നു എന്നതും ഇത്തരം അപചയങ്ങൾക്ക് കാരണമാണ്.

മദ്യപൻ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുകയില്ല (1 കൊറിന്ത്യർ 6,10) എന്ന് നാം വിശുദ്ധഗ്രന്ഥത്തിൽ വായിക്കുന്നുണ്ട്. എന്നാൽ മദ്യപാനത്തെ സാധൂകരിക്കുന്നു എന്ന തോന്നൽ ഉളവാക്കുന്ന വചനങ്ങളും കണ്ടെത്താൻ കഴിയും. നിർഭാഗ്യവശാൽ അവയേ മാത്രം എടുത്ത് വളച്ചൊടിച്ച് വ്യാഖ്യാനിച്ച് മദ്യപാനത്തിന് സാധൂകരണം കണ്ടെത്തുന്നവരും ഉണ്ട്. ഈ വചനഭാഗങ്ങളെ അവ എഴുതപ്പെട്ട പശ്ചാത്തലത്തെ മനസ്സിലാക്കി വ്യാഖ്യാനിക്കാൻ പഠിക്കേണ്ടതും ആവശ്യമാണ്. ഇത്തരുണത്തിൽ താഴെപ്പറയുന്ന വചനഭാഗങ്ങൾ നമ്മുടെ ധ്യാനത്തിന് വിഷയമാകട്ടെ: സുഭാ. 23,21; സുഭാ. 20,1; സുഭാ. 26,29; ഏശയ്യാ 5,11; 22; നാഹും 1,10; ജോയേൽ 1,5; നിയമാ. 21,20; 1 കൊറി. 5,11; 1 കൊറി. 8,9; ഏഫേ. 5, 18-20; ഗലാ. 5,19-21; തീത്തൂസ് 2, 3; റോമ 13,13; റോമ 1, 26 -27; കൊളോ 3, 5; 1 യോഹ. 1,9; ലൂക്ക 17, 28-29.

ക്രൈസ്തവർ എന്ന നിലയിൽ നമുക്ക് നമ്മുടെ സമൂഹത്തെ മദ്യത്തിൽ നിന്നും മയക്കുമരുന്നിൽ നിന്നും മോചിപ്പിക്കാൻ വളരെയധികം ചെയ്യാൻ കഴിയും. ഒന്നാമതായി ഇതൊരു ക്രൈസ്തവദൗത്യം ആണെന്നുള്ള ബോദ്ധ്യം നമുക്കുണ്ടാകുക എന്നതാണ് പ്രധാനം. അപ്പോൾ നമ്മൾ തന്നെ ഈ തിന്മയിൽ ചെന്ന് പെടാതിരിക്കാൻ ശ്രമിക്കും. രണ്ടാമതായി തന്നേപ്പോലെ തന്നെ തന്റെ അയൽക്കാരനേയും സ്നേഹിക്കുക എന്ന പ്രമാണം ജീവിക്കുന്നതിന്റെ ഭാഗമായി മറ്റുള്ളവരെ ഈ തിന്മയിൽ വീഴാതെ നോക്കേണ്ടതും വീണവരെ അതിൽ നിന്ന് കരകയറ്റേണ്ടതും നമ്മുടെ കടമയാണ് എന്ന ബോധ്യമുണ്ടാകണം. അങ്ങനെ വന്നു കഴിയുമ്പോൾ നമ്മുടെ സമയത്തിന്റേയും സമ്പത്തിന്റേയും അറിവിന്റേയുമൊക്കെ ഒരു ഭാഗം ഈ പ്രവർത്തനങ്ങൾക്ക് നീക്കി വയ്ക്കാൻ നമ്മൾക്ക് മനസ്സ് വരും.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നിന്നെല്ലാം പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ രൂപതയിൽ 2014 മാർച്ച് 1 മുതൽ ഒരു വർഷത്തേക്ക് ലഹരിവിമുക്ത വർഷമായി ആചരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. മാർച്ച് രണ്ടാം തീയതി ഞായറാഴ്ച എല്ലാ ഇടവകകളിലും ലഹരി വിമുക്ത വർഷാചരണം ഔദ്യോഗികമായി ആരംഭിക്കണം.

ലഹരിവിമുക്ത വർഷാചരണത്തിനായി നമ്മൾ പല തലങ്ങളിലായി സമിതികളും മറ്റും രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ച്

കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങൾ ഈ ബുള്ളറ്റി നിൽ അന്യത്ര കൊടുത്തിട്ടുണ്ട്.

ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ, മറ്റ് ഇടവക വികാരി മാർ, അസേന്തിയച്ചന്മാർ എന്നിവർ ഈ വർഷാചരണം വിജയിപ്പിക്കാൻ ആത്മാർത്ഥമായി മുന്നിട്ടിറങ്ങണം എന്ന് അഭ്യർത്ഥിക്കുന്നു. അവരോ ടൊത്ത് രൂപതയിലെ സമർപ്പിതരും സംഘടനാപ്രവർത്തകരും മറ്റെല്ലാ വരും സഹകരിക്കുകയും വേണം. ഇടവകകളും സമർപ്പിത ഭവനങ്ങളും കുടുംബങ്ങളും എല്ലാം ഈ വർഷം തങ്ങൾക്ക് കിട്ടുന്ന പണത്തിന്റെ ഒരു നിശ്ചിതശതമാനം ലഹരിവിമുക്ത പ്രവർത്തനങ്ങൾക്കായി നീക്കി വയ്ക്കുന്നത് ഏറ്റവും ഉചിതമാണ്.

രൂപതാ ലഹരിവിരുദ്ധ സമിതിയുടെ ദീർഘകാലമായുള്ള ഒരാ വശ്യമായിരുന്നു ലഹരിവിമുക്തവർഷാചരണം. സമിതിയുടെ പ്രവർത്ത കർ ഏറെ ഉർജ്ജസ്വലരാണെങ്കിലും അവരുടെ തീക്ഷ്ണതയ്ക്ക് ആനു പാതികമായ രീതിയിൽ എല്ലാവരിൽ നിന്നും പിൻബലവും സഹകര ണവും സഹായവും ലഭിക്കുന്നില്ല എന്നത് ഒരു ദു:ഖസത്യമാണ്. കാരണം മദ്യപാനം ഒരു തിന്മയാണ് എന്ന് വിശ്വസിക്കുന്നവർ ഇന്ന് വളരെ ചുരുക്കമാണ് എന്നതാണ്. കാര്യങ്ങൾ ഇങ്ങനെയാണെങ്കിലും തങ്ങളുടെ ആത്മവിശ്വാസം നഷ്ടപ്പെടാതെ ലഹരിവിരുദ്ധ പ്രവർത്ത നങ്ങളുമായി മുന്നോട്ട് നയിക്കുന്ന സമിതിയുടെ നേതൃത്വത്തേയും അംഗ ങ്ങളേയും അനുമോദിക്കാനും നന്ദി പറയാനും കൂടി ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടും ഉണ്ടാ യിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 03/2014***
***Prot. No. 14517/2014***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

കത്തോലിക്കാ വിശ്വാസ ജീവിതത്തിൽ വൈദികരുടെ പങ്കിനെപ്പറ്റി ഞാൻ പറയാതെ തന്നെ നിങ്ങൾക്കറിയാം. നമ്മുടെ വിശ്വാസജീവിതത്തിന്റെ ഒരു പ്രധാന ഘടകമാണ് കൂദാശകൾ. കൂദാശകളിൽ തന്നെ എല്ലാ ദിവസവും ആവർത്തിക്കപ്പെടുകയും നമ്മുടെ വിശ്വാസജീവിതത്തെ ശക്തിപ്പെടുത്തുകയും പുഷ്ഠിപ്പെടുത്തുകയും ചെയ്യുന്നവയാണ് കുമ്പസാരവും വിശുദ്ധ കുർബാനയും. ഇവയുടെയെല്ലാം പരികർമ്മത്തിന് ശുശ്രൂഷാപൗരോഹിത്യം കൂടിയേതീരൂ.

നിർഭാഗ്യവശാൽ പൗരോഹിത്യത്തിന് മുമ്പുണ്ടായിരുന്ന മാന്യതയ്ക്ക് ഇന്ന് പല കാരണങ്ങളാൽ മങ്ങലേറ്റിട്ടുണ്ട്. അതിനാൽ തന്നെ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നവരുടെ എണ്ണവും വളരെ കുറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ നല്ല പുരോഹിതരെ സഭയ്ക്ക് ധാരാളമായി ലഭിക്കാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കണം. മാത്രമല്ല, നിങ്ങളുടെ മക്കളെ പൗരോഹിത്യജീവിതം തെരഞ്ഞെടുക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറയുകയും പൗരോഹിത്യജീവിതത്തിന്റെ പ്രഭ മങ്ങുകയും ചെയ്തതോടെ ഏറെപ്പേരും ചിന്തിക്കുന്നത് തങ്ങളുടെ മക്കൾ പഠിച്ച് മിടുക്കരായി നല്ല ജോലിയിൽ പ്രവേശിച്ച് ധാരാളം പണം സമ്പാദിച്ച് സുഖമായി ജീവിക്കണം എന്നായിരിയ്ക്കും. എന്നാൽ ഇതിൽ മറഞ്ഞിരിക്കുന്ന അപകടത്തെപ്പറ്റിയും നമ്മൾ അവബോധമുള്ളവരായിരിയ്ക്കേണ്ടതാണ്.

2013 ൽ മൂന്ന് നവവൈദികരെയാണ് മാനന്തവാടി രൂപതയ്ക്ക് ലഭിച്ചിരിക്കുന്നത്. നമ്മുടെ രൂപതയ്ക്കായി ഈ വർഷം 39 മൈനർ സെമിനാരിക്കാരും 47 മേജർ സെമിനാരിക്കാരും ആണ് ഉള്ളത്. അതുപോലെ 18 പേർ തങ്ങളുടെ ബിരുദാനന്തരബിരുദപഠനവും നടത്തുന്നുണ്ട്. അവരിൽ 6 പേർ അടുത്ത സ്കൂൾ വർഷത്തിൽ തിരികെ വന്ന് ദൈവശാസ്ത്ര പഠനത്തിനായി ഒരുങ്ങുന്നുണ്ട്. ഇപ്പോൾ മൈനർ സെമിനാരി പഠനം കഴിഞ്ഞ 13 പേർ ബിരുദപഠനം നടത്തുന്നുണ്ട്. നമ്മുടെ രൂപത

യുടെ തന്നെ വിവിധ സ്ഥാപനങ്ങളിലും ഇടവകകളിലും നിന്നുകൊണ്ട് വിവിധ കോളേജുകളിലാണ് അവർ പഠനം നടത്തുന്നത്. ഡിഗ്രി പൂർത്തിയാക്കി 3 പേർ ഈവർഷം തത്വശാസ്ത്ര പഠനത്തിനായി വരുന്നുണ്ട്. ഈ വർഷം മൈനർ സെമിനാരിയിൽ നിന്ന് ബിരുദ പഠനത്തിന് 4 പേരാണ് പോകാനുള്ളത്. അങ്ങനെ ആകെ 127 സെമിനാരി വിദ്യാർത്ഥികളാണ് നമുക്കുള്ളത്. ആലുവാ, കോട്ടയം, തൃശൂർ, കുന്നോത്ത് (തലശ്ശേരി), പൂന, ഏലൂർ (ആന്ധ്ര പ്രദേശ്) എന്നിവിടങ്ങളിലുള്ള മേജർ സെമിനാരികളിലാണ് നമ്മുടെ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നത്. അവർക്കെല്ലാം വേണ്ടി നിങ്ങളുടെ പ്രാർത്ഥനകൾ അഭ്യർത്ഥിക്കുന്നു.

2013-2014 സ്കൂൾ വർഷം തീരാൻ പോകുകയാണല്ലോ. പത്താം ക്ലാസ്സിൽ പഠിക്കുന്ന സത്സ്വഭാവികളും മിടുക്കരുമായ ആൺകുട്ടികളെ നമ്മുടെ രൂപതയുടെ മൈനർ സെമിനാരിയിലേയ്ക്ക് പറഞ്ഞു വിടുന്ന കാര്യത്തിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. രൂപതാ മൈനർ സെമിനാരിയിലേയ്ക്ക് ഇപ്പോൾ തന്നെ അപേക്ഷ അയയ്ക്കാവുന്നതാണ്. അതിനായി പത്താം ക്ലാസ്സ് പരീക്ഷ തീരാൻ കാത്തിരിക്കേണ്ടതില്ല. അപേക്ഷകൾ ബഹുമാനപ്പെട്ട റെക്ടറച്ചന്റെ പേരിൽ അയയ്ക്കുക. അദ്ദേഹത്തിന്റെ വിലാസം Rev. Fr. Thomas Kachirayil, Mount Mary College, PB No. 1., Mananthavady 670 645. നിങ്ങൾക്ക് അച്ചനെ ഫോണിലും ബന്ധപ്പെടാവുന്നതാണ്. നമ്പർ: 9446892434. അപേക്ഷകൾ വെള്ളക്കടലാസിൽ എഴുതി നിങ്ങളുടെ ഇടവക വികാരിയച്ചന്റെ സാക്ഷ്യത്തോടുകൂടി അയയ്ക്കണം. അതവിടെ കിട്ടികഴിയുമ്പോൾ വിശദമായ മറ്റൊരു അപേക്ഷാഫോറം അയച്ചുതരും. അത് പിന്നീട് അയച്ചുകൊടുത്താൽ മതി. സ്കൂൾ അടച്ചു കഴിയുമ്പോൾ ദൈവവിളി ക്യാമ്പും മറ്റും ഉണ്ടാകും. അതിലും കുട്ടികൾ പങ്കെടുക്കണം.

നമ്മുടെ വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് വരുന്ന ഏകദേശ ചെലവുകൾ താഴെപ്പറയും പ്രകാരമാണ്: മൈനർ സെമിനാരിയിൽ ഒരു കുട്ടിയ്ക്ക് 30,000 രൂപയും മേജർ സെമിനാരിയിൽ 40,000 രൂപയും ചെലവാകുന്നു. അങ്ങനെ ഒരു വർഷം നമുക്കാവശ്യം ഇരുപത്തിഎട്ട്ലക്ഷത്തി അൻപത്തിഅയ്യായിരം (28,55,000) രൂപയാണ്. ഏതാനും വ്യക്തികളും ഇടവകകളും ഇപ്പോൾ തന്നെ കുട്ടികളുടെ ചെലവിലേയ്ക്ക് സംഭാവനകൾ തരുന്നുണ്ട്. അതുപോലെ ഏതാനും ചില സന്യാസിനീസമൂഹങ്ങളും അങ്ങനെ ചെയ്യുന്നുണ്ട്. അവരെയെല്ലാം ഏറെ നന്ദിയോടെ ഓർക്കുന്നു. എന്നാൽ അവർ തരുന്നതുകൊണ്ട് ഭാഗികമായി മാത്രമേ ചെലവുകൾ നടത്താൻ കഴിയുന്നുള്ളൂ എന്നതുകൊണ്ട്

നാം ഇനിയും ഇക്കാര്യത്തിൽ കൂടുതൽ ഉദാരമതികളാകേണ്ടിയിരിക്കുന്നു.

വൈദികവിദ്യാർത്ഥികളുടെ പഠന ചെലവിലേയ്ക്കായി നാം ഒരു പൊതുസംഭാവന സമാഹരണം ഏതാനും വർഷമായി നടത്തുന്നുണ്ടല്ലോ. ഈ വർഷം അത് ഫെബ്രുവരി മാസം 23 ന് ആണ് നടത്തേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചന്മാർ മുൻകൂട്ടി പള്ളിയിൽ പറയുകയും അന്നേദിവസം കിട്ടുന്ന തുക എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിയ്ക്കാൻ ശ്രമിക്കുകയും ചെയ്യണം എന്നഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സംഭാവനകൾക്ക് മുൻകൂട്ടി നന്ദി പറയുന്നു. നിങ്ങൾ കൊടുക്കുന്ന സംഭാവനകൾ ദൈവാനുഗ്രഹമായി നിങ്ങളിലേയ്ക്ക് മടങ്ങി വരും എന്നത് നിസംശയമാണ്. നിങ്ങളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റാൻ ആവശ്യത്തിന് വൈദികർ ഉണ്ടാകുകയും ചെയ്യും. ഉദാരമായി ഏവരും സംഭാവന ചെയ്യുക. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 ജനുവരി മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഫെബ്രുവരി മാസം 16-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 05/2014***
***Prot. No. 14747/2014***

യേശുവിൽ പ്രിയ മാതാപിതാക്കന്മാരെ, യുവജനങ്ങളെ,

വിവാഹജീവിതവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ കത്ത് എഴുതുന്നത്.

ഭാഗ്യസ്മരണാർഹനായ വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ യുവജനങ്ങളെ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നു. വിവാഹ ജീവിതത്തിലേയ്ക്കും കുടുംബ ജീവിതത്തിലേയ്ക്കും യാത്ര തുടരാൻ ആണ് യുവജനങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. സ്നേഹിക്കുവാനും ജീവനെ ശുശ്രൂഷിക്കുവാനുമുള്ള വിളിയുടെ സൗന്ദര്യവും മഹത്വവും കണ്ടെത്താൻ സഭ യുവജനങ്ങളെ സഹായിക്കുന്നു. ഇതുവഴി പ്രതീക്ഷ യുടെ പുതിയ ചക്രവാളങ്ങൾ അവരുടെ മുന്നിൽ അവതരിപ്പിക്കുന്നു (John Paull II, *Familliaris Consortio*. No 1)

എന്നാൽ നമ്മുടെ ഇടവകയിലെ യുവജനങ്ങൾ, പ്രത്യേകിച്ച് 30 വയസിനു മുകളിൽ പ്രായമുള്ള യുവാക്കൾ പലരും വിവാഹം കഴിക്കാൻ സാധിക്കാതെ നിൽക്കുന്നു എന്നത് സങ്കടകരമായ ഒരു കാര്യമാണ്. ഇപ്രകാരം വിവാഹം നടക്കാത്ത യുവജനങ്ങളുടെ കാര്യത്തിലുള്ള സഭയുടെ താല്പര്യവും ശ്രദ്ധയും വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ പ്രത്യേക സാഹചര്യത്തിൽ യുവജനങ്ങളെ സഹായിക്കാനുള്ള സഭയുടെ അജപാലനപരമായ ഇടപെടൽ ഒരു അടിയന്തിര ആവശ്യ മാണെന്ന് നമ്മൾ മനസിലാക്കണം. (John Paul II, *Familliaris Consortio.* No. 66)

വിവാഹം എന്ന ജീവിതാന്തസിലേക്ക് യുവജനങ്ങൾക്ക് പ്രവേ ശിക്കാൻ കഴിയാതെ വരുമ്പോൾ, സഭയുടെ ദൗത്യത്തിന്റെയും ശുശ്രൂ ഷയുടെയും 'മാർഗ്ഗം' ആയ മനുഷ്യനും (John Paul II, *Letter to Families* No. 1) മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാനമായ കുടുംബവും സമുദാ യവും സഭയും അന്യം നിന്നുപോകും എന്ന സത്യം നമ്മെ കണ്ണു തുറപ്പി ക്കുന്നതായിരിക്കണം. ഈ പ്രത്യേക സാഹചര്യത്തിൽ മാതാപിതാക്ക ന്മാരും യുവജനങ്ങളും സമുദായ സ്നേഹികളും ദീർഘവീക്ഷണ ത്തോടെ പ്രവർത്തിക്കാൻ മുന്നോട്ട് വരണം.

സാധിക്കുമെങ്കിൽ ആൺകുട്ടികളെ 25 വയസിനുള്ളിലും പെൺകുട്ടികളെ 23 വയസിനുള്ളിലും വിവാഹത്തിന് പ്രേരിപ്പിക്കുന്നത് ഉചിതമായിരിക്കും. “പണമില്ല”, “മക്കളുടെ പഠനം കഴിയട്ടെ” “ജോലി ലഭിച്ച് ഒന്ന് സെറ്റിൽ ആകട്ടെ” തുടങ്ങിയ ചിന്താഗതികൾ വിവാഹം താമസിപ്പിക്കാനും ഒരുപക്ഷേ വിവാഹം നടക്കാതിരിക്കാനും കാരണമായിത്തീരുന്നു.

ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിലെ മികവും ഉന്നതമായ ജോലിയും ആൺകുട്ടികൾക്ക് യോജിച്ച ആലോചനകൾ നടക്കാതിരിക്കാനുള്ള മറ്റൊരു കാരണമാണ്. പഠനത്തിനും ജോലിക്കുമായി സ്വദേശം വിട്ട് കേരളത്തിനകത്തോ, ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലോ വിദേശത്തോ പോകുന്നവർ പിന്നീട് സ്വദേശത്തേക്ക് തിരിച്ചു വരാനുള്ള താല്പര്യക്കുറവും, ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കുന്ന കാര്യങ്ങളിലെ കാതലായ മാറ്റം, ഉദാ. പണം, ജോലി, വിദേശവാസം, പഠനമികവ് എന്നിവയും പലരുടെയും വിവാഹം നടക്കാത്തതിന്റെ കാരണങ്ങളാണ്. വിവാഹത്തിലൂടെ പരസ്പരം ആത്മാർപ്പണം നടത്തുകയും പരസ്പരം സ്വീകരിക്കുകയും ചെയ്യുന്നതുവഴി തങ്ങളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുമോ എന്നും ജീവിതം ഞാനാഗ്രഹിക്കുന്നതുപോലെ ആഘോഷിക്കാൻ സാധിക്കുകയില്ല എന്നീ തെറ്റായ ചിന്തകളും വിവാഹം നേരത്തെ നടക്കുന്നതിന് തടസ്സമായി മാറുന്നു.

വിവാഹം താമസിച്ച് നടത്താൻ തീരുമാനിച്ചാൽ പലപ്പോഴും അങ്ങനെ ഉള്ളവരുടെ വിവാഹം നടക്കാൻ ബുദ്ധിമുട്ടായിരിക്കും. വളരെ വൈകി വിവാഹ ജീവിതത്തിൽ ഏർപ്പെടുന്നവരിൽ പലർക്കും മക്കളുണ്ടാകുന്നുമില്ല. മാത്രവുമല്ല അവരുടെ കുടുംബജീവിതത്തിൽ പലതരത്തിലുള്ള മാനസിക പ്രശ്നങ്ങൾ ഉടലെടുക്കാനുള്ള സാധ്യതയും കൂടുതലാണ്.

“നിങ്ങൾ നിങ്ങളുടെ സ്വന്തമല്ല വിലയ്ക്കു വാങ്ങപ്പെട്ടവരാണ്” (1 കൊറി. 6:19-20) എന്ന വി. പൗലോസ് ശ്ലീഹായുടെ വചനം യുവജനങ്ങളെ ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ മാത്രം സ്വാർത്ഥ താല്പര്യങ്ങൾക്കനുസരിച്ച് കുടുംബം എന്ന ദൈവീക സംവിധാനത്തെ രൂപപ്പെടുത്തരുത്. ദൈവഹിതത്തിനനുസരിച്ച് നേരത്തെ വിവാഹം കഴിക്കുകയും അതുവഴി ആരോഗ്യവും ബുദ്ധിയും ഉള്ള കുഞ്ഞുങ്ങളെ ദൈവത്തിനും നിങ്ങൾക്കും സഭയ്ക്കും നൽകാൻ കഴിയും. അങ്ങനെ നമ്മുടെ കുടുംബവും സഭയും ദൈവാനുഗ്രഹത്താൽ നിറയട്ടെ.

ജീവിത പങ്കാളിയെ കണ്ടെത്താൻ ആധുനിക ലോകം കണ്ടെത്തിയിരിക്കുന്ന മാർഗ്ഗമാണ് വെബ്സൈറ്റുകൾ. നമ്മുടെ രൂപതയും അത്തരമൊന്ന് ആരംഭിച്ചിട്ടുണ്ട്. www.godblessmatrimony.org എന്നാണ് നമ്മുടെ വെബ്സൈറ്റിന്റെ വിലാസം. സ്വന്തമായി ഇന്റർനെറ്റ് സൗകര്യവും ക്രെഡിറ്റ് കാർഡും ഉള്ളവർക്ക് സ്വയം ഈ സൈറ്റിൽ പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. അവ ഇല്ലാത്തവർക്ക് പാസ്റ്ററൽ സെന്ററിൽ പ്രവർത്തിക്കുന്ന രൂപതാ കുടുംബ പ്രേഷിതത്വത്തിന്റെ ഓഫീസിൽ അതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. സീറോ മലബാർ മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയവുമായി ബന്ധപ്പെടുത്തിയാണ് ഇത് സംവിധാനം ചെയ്തിരിക്കുന്നത്. താല്പര്യമുള്ള എല്ലാവരും ഈ സൗകര്യം പ്രയോജനപ്പെടുത്തണം.

അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുവാൻ സഹായിക്കുന്നതിനായി മാനന്തവാടി രൂപത കെ.സി.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്ന എല്ലാ യുവജനങ്ങളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ ഏപ്രിൽ 19 ന് ദുഃഖശനിയാഴ്ച വിളിച്ചുചേർത്തിരിക്കുന്നു. വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ സഹായിക്കുന്നതിനും പരസ്പരം പരിചയപ്പെടാനും ഈ അവസരം യുവജനങ്ങൾക്ക് പ്രയോജനപ്പെടുത്താം.

കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 മാർച്ച് 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 06/2014***
***Prot. No. 14955/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പെട്ടെന്നു മാറിവരുന്ന സാമ്പത്തികക്രമങ്ങൾ, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾ, പള്ളിജീവനക്കാരുടെ അഭ്യർത്ഥനകൾ ഇവയെല്ലാം പരിഗണിച്ച് ബഹു. വൈദികരുടെ അലവൻസും പള്ളിജീവനക്കാരുടെ ശമ്പളവും പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. തലശ്ശേരി, താമരശ്ശേരി, മാനന്തവാടി രൂപതകളിലെ ബഹു. വികാരി ജനറാൾമാർ, ചാൻസലർമാർ, രൂപതക്കച്ചേരികളിലെ മറ്റ് അംഗങ്ങൾ എന്നിവർ 2014 മാർച്ച് 26-ന് തലശ്ശേരി അതിമെത്രാസനമന്ദിരത്തിൽ ഒരുമിച്ചുകൂടി ചർച്ച കളും വിലയിരുത്തലുകളും നടത്തി. അവർ സമർപ്പിച്ച ശുപാർശകളുടെ വെളിച്ചത്തിലാണ് വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഈ വർദ്ധനവ് 2014 ഏപ്രിൽ ഒന്നിനു പ്രാബല്യത്തിൽവരും.

1) ബഹു. വൈദികരുടെ പ്രതിമാസ അലവൻസ് 8500 രൂപയായി നിശ്ച യിക്കുന്നു.
2) ദൈവാലയ ശുശ്രൂഷികളുടെ ശമ്പളം എല്ലാ ഗ്രേഡിലും 500 രൂപ വച്ച് അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ്. അടിസ്ഥാന ശമ്പളത്തോ ടൊപ്പം ഓരോ വർഷത്തേയും സേവനത്തിന് 100 രൂപവച്ച് ഇൻക്രി മെന്റും കണക്കാക്കുക. പരമാവധി 30 വർഷത്തേക്കായിരിക്കും ഇപ്ര കാരം ഇൻക്രിമെന്റ് നൽകാവുന്നത്.

ഗ്രേഡനുസരിച്ച് താഴെപ്പറയുംവിധമാകും ശമ്പളം നൽകേണ്ടത്.

| ഗ്രേഡ് | അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
|---|---|---|
| A | 5000 | 5000 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 100) |
| B | 4250 | 4250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 100) |
| C | 3500 | 3500 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 100) |
| D | 2750 | 2750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 100) |
| E | 1500 | 1500 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 100) |

ഉദാ: 10 വർഷത്തെ സേവനപാരമ്പര്യമുള്ള എ ഗ്രേഡ് പള്ളിയിലെ ദൈവാലയ ശുശ്രൂഷിക്ക് 2014 ഏപ്രിൽ 30 നു കൊടുക്കേണ്ട ശമ്പളം: അടിസ്ഥാനശമ്പളം 5000 + (സേവനം ചെയ്ത വർഷം 10 x ഇൻക്രിമെന്റ് 100 രൂപ = 1000). ആകെ 6000/-

കൂടാതെ താഴെപ്പറയുന്ന ആനുകൂല്യങ്ങളും നൽകണം.

i) ക്രിസ്മസിനും ഈസ്റ്ററിനും പ്രധാനതിരുനാളിനും അടിസ്ഥാനശമ്പളത്തിന്റെ 20% ഫെസ്റ്റിവൽ അലവൻസ് നൽകണം.

ii) തിരുക്കർമ്മങ്ങൾക്ക് പടിസാധനത്തിൽ പറഞ്ഞിരിക്കുന്ന വിഹിതം നൽകണം.

iii) ഓരോ വർഷവും 13-ാം മാസത്തെ ശമ്പളം ദൈവാലയ ശുശ്രൂഷിയുടെയും ബഹു. വികാരിയുടെയും പേരിൽ ബാങ്കിൽ സ്ഥിരനിക്ഷേപമിടണം. ഇതു പിരിഞ്ഞുപോകുമ്പോൾ മാത്രമേ നൽകാവൂ.

iv) എല്ലാ ദൈവാലയ ശുശ്രൂഷികളെയും KLM സുരക്ഷാപദ്ധതിയിൽ അംഗമാക്കണം. (നിലവിൽ മാസം 300 രൂപയാണ് അടയ്ക്കേണ്ടത്. 150 രൂപ പള്ളിയും 150 രൂപ ശുശ്രൂഷിയുടെ ശമ്പളത്തിൽനിന്നും അടയ്ക്കണം). ജോലിയിൽനിന്നു പിരിയുമ്പോൾ പള്ളിയിൽനിന്ന് ഈ തുക അടയ്ക്കുന്നത് നിർത്തുന്നതാണ്. അവർക്ക് സ്വന്തനിലയിൽ അടവ് തുടരുന്നതിന് തടസ്സമില്ല.

v) പള്ളി ജീവനക്കാരെ partime ജീവനക്കാരായാണ് കണക്കാക്കുക. ഇടവകയിലെ സാധാരണ ശുശ്രൂഷകൾക്കു പുറമേ മറ്റവസരങ്ങളിൽ (ഒത്തുകല്യാണം, വിവാഹം, മാമ്മോദീസ, വീടുവെഞ്ചരിപ്പ്) അവരുടെ ശുശ്രൂഷ ആവശ്യമെങ്കിൽ ഓരോ ശുശ്രൂഷയ്ക്കും 100 രൂപയിൽ കുറയാത്ത ഒരു തുക ബന്ധപ്പെട്ടവർ നൽകണം. (ബന്ധപ്പെട്ടവർ ദൈവാലയശുശ്രൂഷിയെ വിവരം അറിയിക്കേണ്ടതാണ്.)

**അക്കൗണ്ടന്റ്**

അക്കൗണ്ടന്റിനും നിലവിലുള്ള ശമ്പളത്തിന്മേൽ 500 രൂപയുടെ വർദ്ധനവാണ് ഓരോ ഗ്രേഡിലും വരുത്തിയിരിക്കുന്നത്. വാർഷിക ഇൻക്രിമെന്റ് 50 രൂപയായിരിക്കും.

| ഗ്രേഡ് | അടിസ്ഥാന ശമ്പളം | ഇൻക്രിമെന്റ് ഉൾപ്പെടെ കൊടുക്കേണ്ടത് |
|---|---|---|
| A | 2750 | 2750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) |
| B | 2250 | 2250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) |
| C | 1750 | 1750 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) |
| D | 1500 | 1500 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) |
| E | 1250 | 1250 + (സേവനം ചെയ്ത വർഷങ്ങളുടെ എണ്ണം X 50) |

ഉദാ: 10 വർഷത്തെ സേവനപാരമ്പര്യമുള്ള അക്കൗണ്ടന്റിന് 2014 ഏപ്രിൽ 30-നു കൊടുക്കേണ്ടത്. എ ഗ്രേഡ് പള്ളി 2750 + (10x50) = 500 ആകെ 3250. പുതുതായി സേവനത്തിന് വരുന്ന വ്യക്തിക്ക് എ ഗ്രേഡ് പള്ളിയിൽ നൽകേണ്ടത് 2750 രൂപയും.

ദൈവാലയ ശുശ്രൂഷിക്കുള്ള മറ്റ് ആനുകൂല്യങ്ങൾ അക്കൗണ്ടന്റിന് ഇല്ല. എന്നാൽ പ്രധാനതിരുനാളിന് അടിസ്ഥാന ശമ്പളത്തിന്റെ 20% ഫെസ്റ്റിവൽ അലവൻസായി നൽകണം. പള്ളിപണി മുതലായ അവസരങ്ങളിൽ അക്കൗണ്ടന്റിന് ജോലിഭാരം കൂടുന്നതിന് ആനുപാതികമായി ആനുകൂല്യങ്ങളും നൽകേണ്ടതാണ്. പള്ളിവക റിക്കാർഡുകൾ, ഫയലുകൾ മുതലായവ വേണ്ടവിധം സൂക്ഷിക്കുന്ന കാര്യത്തിലും അക്കൗണ്ടന്റിനു ചുമതലയുണ്ട്. കമ്പ്യൂട്ടർ അറിയാവുന്ന അക്കൗണ്ടന്റുമാർക്ക് മുൻഗണന നൽകണം. മുറിച്ചാർത്തു തയ്യാറാക്കുന്നതും അക്കൗണ്ടന്റാണ്.

## വിരമിക്കൽ

ദൈവാലയശുശ്രൂഷിയും അക്കൗണ്ടന്റും 65 വയസ്സ് പൂർത്തിയാകുമ്പോൾ വിരമിക്കണം. ആവശ്യമെങ്കിൽ ആരോഗ്യസ്ഥിതി വിലയിരുത്തി തുടരുവാൻ പൊതുയോഗത്തിൽ തീരുമാനമെടുക്കാം. വിരമിക്കുമ്പോൾ, ഏറ്റവും ഒടുവിൽ വാങ്ങിയ മാസശമ്പളപ്രകാരം പ്രതിവർഷം 1/2 മാസത്തെ ശമ്പളംവച്ച് കണക്കുകൂട്ടി ആനുകൂല്യമായി നൽകണം. ഇത് പരമാവധി 30 വർഷംവരെ മാത്രമേ കൂട്ടേണ്ടതുള്ളൂ. ഏറ്റവും കുറഞ്ഞത് 10 വർഷമെങ്കിലും സേവനം ചെയ്തവർക്കേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ.

ഉദാ: എ ഗ്രേഡ് പള്ളിയിൽ 30 വർഷം സേവനപാരമ്പര്യമുള്ള ദൈവാലയശുശ്രൂഷിക്ക് നൽകേണ്ടത് നിലവിൽ ശമ്പളം : 5000 + ഇൻക്രിമെന്റ് 3000 = 8000 – 1/2 : 4000/year. ആകെവർഷം 30 x 4000= 1,20,000/ രൂപ. ഇതുകൂടാതെ 13-ാം മാസശമ്പളം നിയമാവലി അനുസരിച്ച് നിക്ഷേപിച്ചത് ഒന്നിച്ചുചേർത്ത് നൽകണം.

നിശ്ചിതചുമതലകൾക്ക് പുറമെ ഏതെങ്കിലും ശുശ്രൂഷകൾ ഇവർ ചെയ്യുന്നുണ്ടെങ്കിൽ അധികവേതനം നൽകേണ്ടതാണ്.

## കുറിപ്പുകൾ

i) ചില ദൈവാലയങ്ങളിൽ ദൈവാലയശുശ്രൂഷി രാവിലെ മാത്രം വന്നാൽമതിയാകും / മാത്രമേ വരാറുള്ളു. ആനുപാതികമായി ശമ്പളത്തിൽ കുറവുവരുത്താവുന്നതാണ്.

ii) ദൈവാലയ ശുശ്രൂഷികളില്ലാത്ത പള്ളികളിൽ ആ ജോലി നിർവ്വഹിക്കുന്നവർക്ക് (ഉദാ: സിസ്റ്റേഴ്സ്, അൾത്താരബാലന്മാർ) ശുശ്രൂഷയ്ക്ക് ആനുപാതികമായ പ്രതിഫലം നൽകേണ്ടതാണ്.

iii) ചില പള്ളികളിൽ ഇടവകക്കാർ സൗജന്യമായി അക്കൗണ്ടന്റിന്റെ ജോലിയും ദൈവാലയശുശ്രൂഷികളുടെ ചുമതലകളും നിർവ്വഹിക്കാറുണ്ട്. നിശ്ചിതസംഖ്യ ശമ്പളമായി എഴുതി, ആ തുക അവരുടെ പേരിൽ സംഭാവനയായി വരവുവെയ്ക്കുന്നത് ഉചിതമാണ്.

**കൈക്കാരന്മാർ**

നമ്മുടെ സഭയിൽ കൈക്കാരന്റെ ശുശ്രൂഷ ഇടവകയ്ക്കുള്ള സേവനമാണ്. അതിന് ശമ്പളമോ അലവൻസോ എഴുതാറില്ല. എഴുതുകയുമരുത്.

എന്നാൽ, അവർ ശുശ്രൂഷകൾക്കായി പള്ളിയിൽ ദിവസം മുഴുവൻ ചെലവഴിക്കേണ്ടി വരുന്ന സാഹചര്യത്തിൽ 100 രൂപയിൽ കവിയാത്ത തുക ഭക്ഷണചെലവിലേയ്ക്ക് എഴുതി എടുക്കാം. നടത്തുകൈക്കാരന് മാത്രമായിരിക്കും ഈ ആനുകൂല്യം. എല്ലാ കൈക്കാരന്മാരും തങ്ങേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഈ ആനുകൂല്യം ആർക്കും ഉണ്ടായിരിക്കുന്നതല്ല. എന്നാൽ ഭക്ഷണ ചെലവുകൾ പള്ളിയിൽ നിന്ന് നേരിട്ട് വഹിക്കേണ്ടതാണ്.

കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 ഏപ്രിൽ 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലറിലെ പ്രധാന ആശയങ്ങൾ ഇടവക ജനത്തെ അറിയിക്കേണ്ടതാണ്.**

# സർക്കുലർ



***Circular Letter No. 07/2014***
***Prot. No. 16070/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട പ്രിയപ്പെട്ട കുട്ടികളേ,

മധ്യവേനലവധിയ്ക്കുശേഷം വീണ്ടും നിങ്ങൾ നിങ്ങളുടെ പഠനസ്ഥലങ്ങളിലേയ്ക്ക് തിരികെ എത്തിയിരിക്കുകയാണല്ലോ. സ്കൂൾ വിദ്യാഭ്യാസത്തിന്റെ അവസാനഘട്ടമായ പ്ലസ് ടു പാസ്സായവരിൽ മിക്ക വരും ഇതിനകം ഉപരിപഠനത്തിനായി എവിടെയെങ്കിലുമൊക്കെ ചേർന്നി ട്ടുണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു. തുടർന്ന് എന്ത് പഠിക്കണം എന്ന് ഇതുവരേയും തീരുമാനിക്കാത്തവരും ഉണ്ടാകാം. അതുപോലെ തന്നെ ഏതെങ്കിലുമൊക്കെ കാരണം കൊണ്ട് പഠനം ഇവിടെ വച്ച് ഉപേക്ഷിച്ചവരും ഉപേക്ഷിക്കാൻ തീരുമാനിക്കുന്നവരും കാണും.

പഠനം ആരംഭിച്ചവർക്ക് പുതിയ സ്കൂൾ വർഷത്തിൽ വിജയവും ധാരാളം ദൈവാനുഗ്രഹവും നേരുന്നു. കഴിഞ്ഞ വർഷത്തെ വിജയപരാ ജയങ്ങൾ വിലയിരുത്തി കൂടുതൽ ഉണർവ്വോടും ഉന്മേഷത്തോടും പുതിയ തീരുമാനങ്ങളോടും കൂടി മുന്നേറുവാനുള്ള സമയമാണിത്. വിജയം നേടിയവർ ദൈവത്തിന് നന്ദി പറയുകയും പരാജയപ്പെട്ടവർ അതിന്റെ കാരണം തിരിച്ചറിഞ്ഞ് ഭാവിയിൽ അങ്ങനെ സംഭവിക്കാനുള്ള സാധ്യത ഇല്ലാതാക്കാൻ പരിശ്രമിക്കുകയും ചെയ്യണം. നമ്മൾ എത്ര പരിശ്രമിച്ചാലും ചിലപ്പോൾ നമ്മുടേതല്ലാത്ത കുറ്റംകൊണ്ട് പരാജയ പ്പെട്ടെന്ന് വരാം. എന്നാൽ ദൈവത്തിൽ പരിപൂർണ്ണ ആശ്രയം വച്ച് മുന്നേ റുന്നവർക്ക് പരാജയങ്ങളും വിജയങ്ങളാക്കി മാറ്റാൻ കഴിയും. ആ ശുഭാപ്തി വിശ്വാസം നിങ്ങളെ നിരന്തരം നയിക്കട്ടെ.

തോറ്റവർ ദു:ഖിക്കേണ്ടതില്ല. അവർക്കിനിയും ധാരാളം അവസ രങ്ങളുണ്ട്. സ്കൂൾ പരീക്ഷയ്ക്ക് തോറ്റു എന്നതുകൊണ്ട് ബുദ്ധിയി ല്ലാത്തവരെന്നോ ഒന്നും അറിയില്ലാത്തവരെന്നോ അർത്ഥമില്ല. എല്ലാ വർക്കും പഠിക്കാനും ചെയ്യാനും പറ്റിയ എന്തെങ്കിലുമൊക്കെ ഉണ്ടാകും. അവയെ കണ്ടെത്തിയാൽ മതി. അതേസമയം എന്തുകൊണ്ട് തോറ്റു എന്ന് നിങ്ങൾ ആത്മശോധന ചെയ്യണം. നിങ്ങളുടെ കുറ്റമാണെങ്കിൽ - ഉദാഹരണം: അലസത, പഠനേതരവിഷയങ്ങളിലുള്ള അമിത താത്പര്യം തുടങ്ങിയവ - സ്വയം തിരുത്താൻ തയ്യാറാകണം. പഠന

സമയം പഠിക്കാനുള്ളതാണ്. അതിന് മാത്രമായിരിക്കണം പ്രാമുഖ്യം കൊടുക്കുന്നത്. പ്രത്യേകിച്ച് രാഷ്ട്രീയ കക്ഷികളുടെ ചട്ടുകങ്ങളാകാതിരിക്കാൻ നിങ്ങൾ അതീവ ശ്രദ്ധ ചെലുത്തണം. അത് നിങ്ങളെ നാശത്തിലേയ്ക്ക് നയിക്കും.

നിങ്ങളോട് എനിക്ക് പറയാനുള്ള ഒരു പ്രധാന കാര്യം യാതൊരു കാരണവശാലും പഠനം പാതിവഴിയിൽ ഉപേക്ഷിക്കരുത് എന്നാണ്. കാരണം, സമയം ആർക്കുംവേണ്ടി കാത്തു നിൽക്കുന്നില്ല. ഇളം പ്രായത്തിൽ ചെയ്യേണ്ടത് അപ്പോൾ ചെയ്തില്ലെങ്കിൽ പിന്നെ ചെയ്യാൻ അവസരം കിട്ടുകയില്ല. വിദ്യാഭ്യാസമില്ലാതെ ഇന്ന് ജീവിതം അസാദ്ധ്യമാണ് എന്നോർക്കുക. എങ്ങിനെയാണ് അസാദ്ധ്യമാകുന്നത് എന്നതിനെപ്പറ്റിയാണ് ഞാൻ നിങ്ങളുമായി ഇവിടെ പങ്ക് വയ്ക്കാൻ പോകുന്നത്.

കേവലം ഒരു ജോലി കിട്ടാനോ സ്വയം തൊഴിൽ കണ്ടെത്താനോ മാത്രമല്ല വിദ്യാഭ്യാസം വേണ്ടത്. അവരവർക്ക് പറ്റിയ ജീവിതപങ്കാളിയെ ലഭിക്കണമെങ്കിലും നല്ല വിദ്യാഭ്യാസം കൂടിയേ തീരു. നമ്മുടെ സമൂഹത്തിൽ ആയിരക്കണക്കിന് യുവാക്കന്മാർ വിവാഹപ്രായം കഴിഞ്ഞിട്ടും വിവാഹിതരാകാതെ നിൽക്കുന്നുണ്ട് എന്നത് നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട വസ്തുതയാണ്. ഒരു കാലത്ത് പെൺകുട്ടികളാണ് വിവാഹം കഴിക്കാൻ പറ്റാതെ നിന്നിരുന്നതെങ്കിൽ ഇന്ന് ആൺകുട്ടികളാണ് ആ സ്ഥാനത്തുള്ളത്. അതിന്റെ പ്രധാന കാരണം അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും ഒരു കുടുംബം പോറ്റാനുള്ള സ്ഥിരവരുമാനവും ഇല്ല എന്നതാണ്. മറ്റ് കാരണങ്ങളും ഉണ്ടാകാം എന്ന വസ്തുത ഞാൻ നിഷേധിക്കുന്നില്ല.

ഇരുപതോ മുപ്പതോ കൊല്ലം മുമ്പ് വരെ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് കാര്യമായ പ്രധാന്യം പൊതുവേ നമ്മുടെ കുടുംബങ്ങളിൽ കൊടുത്തിരുന്നില്ല എന്നത് സത്യമാണ്. എന്നാൽ കഴിഞ്ഞ രണ്ട് മൂന്ന് ദശാബ്ദങ്ങളായി അവരുടെ വിദ്യാഭ്യാസകാര്യത്തിൽ കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും എല്ലാം കൂടുതൽ ഊന്നൽ കൊടുക്കുകയും തൽഫലമായി ഭൂരിപക്ഷം പെൺകുട്ടികളും നല്ല വിദ്യാഭ്യാസം നേടി എന്തെങ്കിലുമൊക്കെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. വളരെയധികം പേർ വിദേശത്തും എത്തിക്കഴിഞ്ഞു. ആ പ്രവണത തുടരുകയാണ്. അതങ്ങനെ തന്നെ തുടരുകയും ചെയ്യും എന്നത് ഏതാണ്ട് ഉറപ്പാണ്.

എന്നാൽ ആൺകുട്ടികളാകട്ടെ പൊതുവേ വിദ്യാഭ്യാസകാര്യത്തിൽ അത്ര ശ്രദ്ധയൊന്നും കൊടുക്കുന്നില്ല എന്നതാണ് അനുഭവം. ഒരു പക്ഷേ തങ്ങൾക്ക് മാതാപിതാക്കളുടെ സ്വത്ത് കിട്ടുമെന്നും അതു

കൊണ്ട് ജീവിക്കാമെന്നും മറ്റുമുള്ള ധാരണകളാകാം അവരെ അങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്. മാത്രമല്ല, *അവനൊരു ആണല്ലേ, എങ്ങിനെയെങ്കിലും ജീവിക്കാനുള്ള മാർഗ്ഗം കണ്ടെത്തിക്കൊള്ളും* എന്ന പരമ്പരാഗതമായ വിശ്വാസവും ഇതിന്റെ പിന്നിലുണ്ട്. എന്നാൽ മാസ ശമ്പളം വാങ്ങുന്ന പെൺകുട്ടികൾ തങ്ങളേക്കാൾ വിദ്യാഭ്യാസം കുറഞ്ഞവരും കൃഷിക്കാരുമായ പുരുഷന്മാരെ വിവാഹം കഴിക്കാൻ വിമുഖരാണ് എന്ന വസ്തുത നാം മറച്ച് വച്ചിട്ട് കാര്യമില്ല. അതിനവരെ കുറ്റം പറയാനും സാധിക്കുകയില്ല. കാരണം അവരുടെ സ്വഭാവങ്ങളും അഭിരുചികളും പ്രവർത്തനശൈലികളും കാഴ്ചപ്പാടുകളും എല്ലാം തമ്മിൽ വലിയ അന്തരമുണ്ടാകും. പ്രത്യേകിച്ച് കുട്ടികളെ വളർത്തുന്നതിലും സാധനങ്ങൾ വാങ്ങുന്നതിലും ഉടുത്തൊരുങ്ങി നടക്കുന്നതിലും അവധിസമയങ്ങൾ ചിലവഴിക്കുന്നതിലും എല്ലാം ഈ വ്യത്യാസങ്ങൾ പ്രകടമാകുകയും അവയുടെ പേരിൽ പരസ്പരം വഴക്കടിക്കുകയും സാവധാനം വിവാഹത്തിന്റെ തകർച്ചയിലേയ്ക്ക് നയിക്കുകയും ചെയ്തെന്ന് വരാം. ഒന്നോ രണ്ടോ കുട്ടികളുള്ള കുടുംബങ്ങളിൽ നിന്ന് വരുന്ന പെൺകുട്ടികൾ ഭർത്താവിന്റെ മാതാപിതാക്കളേയും സഹോദരങ്ങളേയും പരിചരിക്കാൻ പൊതുവേ ഇഷ്ടപ്പെടുകയില്ല എന്ന കാര്യവും നമ്മൾ പരിഗണിക്കേണ്ടതുണ്ട്. അങ്ങനെ ആകുന്നത് ശരിയല്ല എന്നിരുന്നാലും കാര്യങ്ങൾ ആ ദിശയിലാണ് നീങ്ങുന്നത്.

കേരളത്തിൽ ജോലി സാധ്യതകൾ കുറവായതുകൊണ്ട് ഇന്ന് ഉയർന്ന വിദ്യാഭ്യാസം നേടുന്ന പെൺകുട്ടികളിൽ വളരെപ്പേർ ജോലി തേടി മറ്റ് രാജ്യങ്ങളിലേയ്ക്ക് കുടിയേറുന്നുണ്ട്. അവർ പിന്നീടൊരിക്കലും നമ്മുടെ നാട്ടിലേയ്ക്ക് തിരിച്ചു വരുകയുമില്ല. അപ്പോൾ നമ്മുടെ നാട്ടിൽ വിവാഹിതരാകാനുള്ള പെൺകുട്ടികളുടേയും ആൺകുട്ടികളുടേയും എണ്ണത്തിൽ വലിയ അന്തരമുണ്ടാകും. അത് ഇപ്പോൾ തന്നെ ഉണ്ട് എന്നതാണ് വസ്തുത. അപ്പോൾ വിദ്യാഭ്യാസമില്ലാത്ത ആൺകുട്ടികൾക്ക് വിവാഹം ഒരു സ്വപ്നമായി അവശേഷിക്കും. കുറേപ്പേരെങ്കിലും മറ്റ് മതസ്ഥരെ വിവാഹം ചെയ്തെന്ന് വരാം. അതിന്റെ പരിണിതഫലം എന്താണെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഈ പശ്ചാത്തലത്തിൽ ആൺകുട്ടികളും പെൺകുട്ടികളും നന്നായി പഠിച്ച് നല്ല വിദ്യാഭ്യാസം നേടുക എന്നത് അതിജീവനത്തിന്റെ പ്രശ്നം തന്നെയാണ്.

ഹൈസ്കൂൾ വിദ്യാഭ്യാസം പോലും പൂർത്തിയാക്കാത്ത യുവാക്കൾ നമ്മുടെ സമൂഹത്തിലുണ്ട്. താത്പര്യമുണ്ടെങ്കിൽ അവർക്കെല്ലാം സർക്കാർ ഒരുക്കിയിരിക്കുന്ന തുല്യതാപരീക്ഷകൾക്ക് ചേർന്ന് പാസ്സാകാവുന്നതേയുള്ളു. അതുപോലെ വിദൂരവിദ്യാഭ്യാസ സാദ്ധ്യതകൾ

ഇൻഡ്യയിലെ വിവിധ യൂണിവേഴ്സിറ്റികളും നൽകുന്നുണ്ട്. അതെല്ലാം പ്രയോജനപ്പെടുത്തി ഡിഗ്രികളും സമ്പാദിക്കാം. മുത്തശ്ശിമാർ പോലും ഈ രീതിയിൽ വിദ്യാഭ്യാസം നേടുന്നതായി നമ്മൾ പത്രങ്ങളിൽ വായിക്കുന്നുണ്ട്. അങ്ങനെയെങ്കിൽ ചെറുപ്പക്കാർക്ക് അത് അതിലും എളുപ്പമായിരിക്കണം. ഇവിടെയെല്ലാം നല്ല ഇച്ഛാശക്തിയും കഠിനാദ്ധ്വാനവും ആവശ്യമാണ് എന്ന് മാത്രം.

വിദ്യാഭ്യാസം നേടിയാലും ജീവിക്കാൻ ആവശ്യമായ ശമ്പളം ലഭിക്കുന്ന ഒരു ജോലി കിട്ടണമെങ്കിൽ പഠിച്ച വിഷയത്തിൽ അവഗാഹവും പ്രാവീണ്യവും ഉണ്ടാകണം. ഇന്ന് നന്നായി കൃഷി ചെയ്യണമെങ്കിൽ പോലും നല്ല വിദ്യാഭ്യാസവും ആ വിഷയത്തിൽ പ്രാവീണ്യവും ഉണ്ടാകണം. കൃഷി നഷ്ടമാണ് എന്നതൊരു മിഥ്യയാണ്. കാലത്തിനനുസരിച്ചുള്ള ആധുനികകൃഷി രീതികളിലേയ്ക്ക് മാറിച്ചവിട്ടാനായാൽ കൃഷിയും ലാഭകരമാണ് എന്ന് പലരുടേയും അനുഭവങ്ങൾ കാണിച്ചുതരുന്നു. നിർഭാഗ്യവശാൽ ഉയർന്ന മാർക്കിനും ഗ്രേഡിനും നൂറ് ശതമാനം വിജയത്തിനും എല്ലാം പ്രാധാന്യം കൊടുക്കുന്ന നമ്മുടെ നാട്ടിൽ പഠിച്ചിറങ്ങുന്നവരിൽ വളരെപ്പേർ അവർ പഠിച്ച വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പ്രാവീണ്യമുള്ളവരല്ല. ഒരു ജോലിയിൽ നിയമിക്കപ്പെടാനുള്ള ഒരാളുടെ യോഗ്യതയെ ഇംഗ്ലീഷിൽ എമ്പ്ളോയബിലിറ്റി (employability) എന്ന് പറയും. കലാകായികമേളകളിലും അല്ലാതെയും ഗ്രേസ് മാർക്കും മറ്റും നേടി പഠിച്ചിറങ്ങുന്നവർക്ക് എമ്പ്ളോയബിലിറ്റി ഉണ്ടാകണമെന്നില്ല. കാരണം വിഷയത്തിലുള്ള അറിവും അവഗാഹവുമല്ല അവരെ അതിന് യോഗ്യരാക്കിയത്. അതുകൊണ്ടാണ് എഞ്ചിനീയറിംഗും മെഡിസിനും മറ്റും പഠിച്ചിട്ടും ജോലിയൊന്നും ലഭിക്കാതെ ധാരാളം പേർക്ക് അലഞ്ഞ് തിരിയേണ്ടി വരുന്നത്.

വിഷയത്തിലുള്ള അവഗാഹത്തോടൊപ്പം തന്നെ സോഫ്റ്റ് സ്കിൽസ് എന്ന് വിളിക്കപ്പെടുന്ന മറ്റ് ധാരാളം കഴിവുകളും ഉള്ളവർക്കേ ഇന്ന് എമ്പ്ളോയബിലിറ്റി ഉണ്ട് എന്ന് പറയാൻ പറ്റുകയുള്ളൂ. ഉദാഹരണത്തിന് എഞ്ചിനീയറിംഗ് പാസ്സായ ഒരാൾക്ക് ആ വിഷയത്തിലുള്ള അവഗാഹത്തോടൊപ്പം വിദ്യുച്ഛക്തി സംബന്ധമായ വിഷയങ്ങളിലുള്ള അറിവും വാഹനമോടിക്കാനും കമ്പ്യൂട്ടർ ഉപയോഗിക്കാനും ഭക്ഷണം പാകം ചെയ്യാനും ഉള്ള കഴിവും ഉണ്ടെങ്കിൽ അയാൾക്ക് കൂടുതൽ എമ്പ്ളോയബിലിറ്റി ഉണ്ടാകും എന്നത് നിസ്സംശയമാണ്. ഒരാൾ താൻ അറിയേണ്ടുന്ന വിഷയത്തിന് പുറമേ ആർജ്ജിക്കുന്ന കഴിവുകളെയാണ് സോഫ്റ്റ് സ്കീൽസ് എന്ന് പറയുന്നത്. അതായത് കേവലം ഉയർന്ന മാർക്കോ ഗ്രേഡോ ഉണ്ടായതുകൊണ്ട് മാത്രം ജോലി കിട്ടണമെന്നില്ല

എന്നർത്ഥം. ആഗോളവൽകൃതമായ ഇന്നത്തെ ലോകം മത്സരാധിഷ്ഠിതമാണ്. ആ മത്സരത്തിൽ ജയം ഉറപ്പാക്കാനുള്ള മാർഗ്ഗമാണ് എമ്പ്ളോയബിലിറ്റി. അല്ലാത്തവർ പിൻതള്ളപ്പെടും.

വലിയ തുകകൾ മുടക്കി സ്കൂൾ കലോത്സവങ്ങളിലും മറ്റും തങ്ങളുടെ കുട്ടികളെ വിജയികളാക്കുന്ന മാതാപിതാക്കളുടെ എണ്ണം ഇന്ന് വളരെയധികമുണ്ട്. കാരണം അതിലൂടെ അവർക്ക് എൻട്രൻസ് പരീക്ഷയ്ക്കും മറ്റും കൂടുതൽ ഗ്രേസ് മാർക്ക് നേടാൻ അവസരമൊരുങ്ങുന്നു. എന്നാൽ ഇങ്ങനെ കിട്ടുന്ന ഗ്രേസ് മാർക്ക് പ്രവേശനം കിട്ടാൻ സാദ്ധ്യത വർദ്ധിപ്പിക്കുമെങ്കിലും എമ്പ്ളോയബിലിറ്റി കുറയ്ക്കും എന്ന കാര്യം ഓർക്കേണ്ടതുണ്ട്. അതോടൊപ്പം ശരിയല്ലാത്ത മാർഗ്ഗങ്ങളിലൂടെ, ഉദാഹരണമായി, മത്സരങ്ങളുടെ വിധികർത്താക്കൾക്ക് പണം കൊടുത്ത് അവരെ സ്വാധീനിച്ചും മറ്റും കുട്ടികളെ വിജയികളാക്കുന്നവർ സ്വന്തം കുട്ടികളെ അധാർമ്മികളാക്കുക കൂടി ചെയ്യുന്നു. അങ്ങനെ ചെയ്യുന്നവർ സ്വന്തം മക്കളിൽ നിന്ന് തന്നെ പിന്നീട് തിരിച്ചടി നേരിടുന്നത് വിരളമല്ല. അങ്ങനെ ധാർമ്മികനിലവാരം പുലർത്താത്തവർക്കും ഇന്ന് എമ്പ്ളോയബിലിറ്റി ഇല്ല. കാരണം അവർ ആ രീതിയിൽ ആർജ്ജിച്ച ചില സ്വഭാവരീതികൾ ജോലി സ്ഥലത്തും പ്രയോഗിച്ചെന്ന് വരാം. അക്കാര്യം പുറത്താകുമ്പോൾ അവർ പുറംതള്ളപ്പെടും.

ഐ.എ.എസ്, ഐ.പി.എസ്. പോലെയുള്ള അഖിലേന്ത്യാ മത്സരപ്പരീക്ഷകൾക്ക് കേരളത്തിൽ നിന്ന് വളരെ ചുരുക്കം പേരേ ജയിക്കുന്നുള്ളു എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. കാണാപ്പാഠം പഠിച്ചത് പകർത്തിയെഴുത്തല്ല ഈ പരീക്ഷകൾ എന്നതാണ് അതിന്റെ കാരണം. വിഷയത്തിൽ നല്ല അറിവുണ്ടാകുകയും അത് അവരവരുടെ ശൈലിയിൽ എഴുതുകയും വേണം. മലയാളികൾ ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ വളരെ പിന്നിലാണ് എന്നത് ഒരു കാരണമാണ്. ആശയ വിനിമയത്തിനുള്ള പാടവം ഇന്നത്തെ ലോകത്തിൽ വളരെ പ്രധാനപ്പെട്ടതാണ്. അതു തന്നേയും പ്രസന്നതയോടെയും ആകർഷണീയമായും ചെയ്യുകയും വേണം. ഇതെല്ലാം നമ്മുടെ നാട്ടിൽ പഠിച്ചിറങ്ങുന്നവരിൽ ചുരുക്കമായേ കാണുന്നുള്ളു. അതുപോലെ പെരുമാറ്റത്തിൽ ഉള്ള കുലീനതയും സൗമ്യതയും പരസ്പരബഹുമാനവും ധാർഷ്ട്യം കലരാത്ത ശൈലിയും എല്ലാം ഉണ്ടെങ്കിലേ ഇന്ന് തൊഴിൽക്കമ്പോളത്തിലെ മത്സരത്തിൽ ജയിച്ച് കയറാൻ കഴിയുകയുള്ളൂ.

പ്രിയപ്പെട്ട കുട്ടികളേ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം ഉയർന്ന മാർക്കും ഗ്രേഡും വാങ്ങി ഉയർന്ന ശമ്പളമുള്ള ജോലിയിൽ പ്രവേശിച്ച് കുടുംബത്തോടും സമൂഹത്തോടും ഒന്നും ഒരു പ്രതിബദ്ധതയുമില്ലാതെ

ജീവിക്കുകയല്ല. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസ രീതി നമ്മുടെ നാടിനെ കോളനിവത്ക്കരിച്ച ബ്രിട്ടീഷുകാർ ആവിഷ്ക്കരിച്ചതാണ്. അവർക്ക് ആവശ്യമുണ്ടായിരുന്നത് അറിവുള്ളവരേയും മിടുക്കരേയും സ്വന്തമായി ആശയങ്ങൾ ഉള്ളവരേയും ആയിരുന്നില്ല, പ്രത്യുത അവരെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നവരും എഴുത്തും വായനയും അഭ്യസിച്ചവരും ആയിട്ടുള്ളവരേയായിരുന്നു. നിർഭാഗ്യവശാൽ ഇന്നും നമ്മൾ അതേ രീതി തന്നെ തുടരുന്നു. അടിയാന്മാരും കുടിയാന്മാരും എല്ലാം നമ്മുടെ നിയമങ്ങളിൽ നിന്ന് അപ്രത്യക്ഷമായെങ്കിലും ഇന്നും നമ്മുടെ മനസ്സുകളിൽ അതുണ്ട് എന്ന് നമ്മുടെ പ്രവൃത്തികൾ സൂചിപ്പിക്കുന്നു. നമ്മുടെ ഒരു ഓഫീസിൽ സീൽ ചെയ്യാൻ ഒരു പ്യൂൺ ഉണ്ടെങ്കിൽ അയാൾ വരാത്ത ദിവസങ്ങളിൽ മറ്റാരും അത് ചെയ്യുകയില്ല. തൻമൂലം ജോലികൾ ഒന്നും നടക്കുകയുമില്ല. നമ്മുടെ നാട് വികസിയ്ക്കാത്തിന്റെ കാരണം ഇതുപോലെയുള്ള മനോഭാവങ്ങളാണ്.

നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത് അതല്ല. ഈ നാടിനും നിങ്ങളുടെ കുടുംബത്തിനും നമ്മുടെ സഭയ്ക്കും എല്ലാം ഉപകാരം ചെയ്യുന്നവരും ധാർമ്മികരും സത്യസന്ധരും മിടുക്കരുമായ പൗരന്മാരെയാണ് നിങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. സമൂഹത്തിന്റെ ഭാവി നിങ്ങളുടെ കൈകളിലാണ്. ഈ സമൂഹം നിലനിൽക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നതും നിങ്ങൾ തന്നെയാണ്. നിങ്ങൾ നല്ല തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാകട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്ന് 2014 ജൂൺ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ ജൂൺ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 09/2014***
***Prot. No. 16209/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

സഭയുടേയും സമുദായത്തിന്റേയും പൊതുസമൂഹത്തിന്റേയും എല്ലാം നിലനിൽപ്പ് പുതിയ തലമുറകളെ ആശ്രയിച്ചാണല്ലോ നില കൊള്ളുന്നത്. അതിൽ തന്നെ അനതിവിദൂരഭാവിയിൽ ഈ തലങ്ങളി ലെല്ലാം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടത് ഇന്നത്തെ യുവതലമുറ യാണ്. യുവതലമുറയുടെ ക്രൈസ്തവരൂപീകരണത്തിന് സഭയിൽ വളരെ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്. നമ്മുടെ സഭയിൽ പ്രവർത്തി ക്കുന്ന കെ.സി.വൈ.എം. പോലെയുള്ള സംഘടനകൾ യുവതലമുറ യുടെ ക്രൈസ്തവരൂപീകരണത്തെ ലക്ഷ്യം വച്ചാണ് പ്രവർത്തിക്കു ന്നത്. കെ.സി.വൈ.എം. യുവജനങ്ങൾക്കായി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പരിപാടികൾ അനവധിയുണ്ട്. അവയിലൂടെയെല്ലാം ധാരാളം യുവജനങ്ങൾ തങ്ങളുടെ വിശ്വാസജീവിതത്തിലും സാമൂ ഹ്യാവബോധത്തിലും ആഴപ്പെടുന്നുണ്ട്.

നിർഭാഗ്യവശാൽ കെ.സി.വൈ.എം. ന് എല്ലാ യുവജനങ്ങളി ലേയ്ക്കും എത്തിപ്പെടാൻ കഴിയുന്നില്ല. അതിന്റെ കാരണം നമ്മുടെ ഇടവകകളിലെ യുവജനങ്ങൾ ഏറിയ പങ്കും പഠനത്തിനും ജോലിയ്ക്കും മറ്റുമായി ദൂരദേശങ്ങളിലാണ് താമസം എന്നതാണ്. വർഷ ത്തിൽ രണ്ടോ മൂന്നോ പ്രാവശ്യമായിരിക്കും അവർ സ്വന്തം ഇടവക യിലും വീട്ടിലും മറ്റും വരുന്നത്. ഈ സമയത്ത് അവർക്ക് സംഘടന യുമായി ബന്ധപ്പെടാനോ അതിൽ അംഗമാകാനോ ഒന്നും കഴിഞ്ഞെന്ന് വരില്ല. അവർ അംഗങ്ങളല്ലാത്തതിനാൽ സംഘടന നടത്തുന്ന പ്രവർത്ത നങ്ങളിൽ പങ്കെടുക്കാൻ അവർക്ക് സാഹചര്യവും താത്പര്യവും കുറ വായിരിക്കും. അവർ താമസിക്കുന്ന സ്ഥലങ്ങളിലും അങ്ങനെയുള്ള സൗകര്യങ്ങൾ ഉണ്ടാകണമെന്നില്ല. എന്നാൽ ഈ കാരണങ്ങളൊന്നും അവരെ മറന്ന് കളയാൻ നമുക്ക് ന്യായീകരണങ്ങളല്ല.

കെ.സി.വൈ.എം. ഒരു സംഘടനയായതുകൊണ്ട് അതിന്റെ അതാത് വർഷത്തെ പ്രവർത്തന മാർഗ്ഗരേഖയും മറ്റും തയ്യാറാക്കി വരുമ്പോഴേയ്ക്ക് വളരെ സമയം നഷ്ടപ്പെട്ടിരിക്കും. അതുപോലെ തന്നെ

ഭാരവാഹികൾ ഇടയ്ക്കിടെ മാറുന്നതുകൊണ്ട് അവർക്ക് ദീർഘകാല പരിപാടികൾ ആസൂത്രണം ചെയ്യാനും ബുദ്ധിമുട്ടുണ്ട്. എന്നാൽ യൂത്ത് ഡിപ്പാർട്ടുമെന്റാകുമ്പോൾ പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനും പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ട് വരാൻ കാത്തിരിക്കേണ്ട തില്ല. ദീർഘകാല പദ്ധതികൾ ആസൂത്രണം ചെയ്യാനും പ്രയാസമുണ്ടാ കുകയില്ല.

ഈ പശ്ചാത്തലത്തിലാണ് രൂപതയിൽ ഒരു യൂത്ത് ഡിപ്പാർട്ട്മെന്റ് തുടങ്ങുന്നതിനെപ്പറ്റി ആലോചനകൾ ഉടലെടുത്തത്. ഇതുവഴി കെ.സി.വൈ.എം. സംഘടനയുടെ സ്ഥാനമോ പ്രാധാന്യമോ കുറച്ച് കാണേണ്ടതില്ല. നേരേ മറിച്ച് അവർക്ക് ചെയ്യാൻ കൂടുതൽ മേഖ ലകൾ ഇതുവഴി കൈവരുകയാണ് ചെയ്യുന്നത്. കെ.സി.വൈ.എം. ന്റെ പ്രവർത്തനങ്ങൾ മുമ്പത്തേതുപോലെ തുടരുകയും ചെയ്യും.

യൂത്ത് ഡിപ്പാർട്ട്മെന്റ് യുവജനങ്ങൾക്കായി ചെയ്യാൻ ഉദ്ദേശിക്കു ന്നതുപോലെ മാതാക്കൾക്കായി പല ഇടവകകളിലും പല പരിപാടി കളും മാതൃസംഘടനയുടെ നേതൃത്വത്തിലും അല്ലാതെയുമായി ഇപ്പോൾ തന്നെ നടത്തുന്നുണ്ട്. എല്ലാ മാതാക്കളും മാതൃസംഘടന യിൽ അംഗങ്ങളായെന്ന് വരില്ല. എന്നാൽ ഇടവകയിൽ പലപ്പോഴും എല്ലാ മാതാക്കൾക്കുമായി പലതരം പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്നുണ്ട്. അതിനെല്ലാം നേതൃത്വം കൊടുക്കുന്നത് അതാത് ഇടവകയിലെ മാതൃസംഘടനയായിരിക്കുകയും ചെയ്യും. മാതാക്കളുടെ ഈ പ്രവർത്തനങ്ങളിൽ രൂപതാ വിമൻസ് കമ്മീഷനും പങ്ക് ചേരുന്നുണ്ട്. വിമൻസ് കമ്മീഷൻ പ്രവർത്തിക്കുന്നത് എല്ലാ സ്ത്രീകൾക്കുമായാണ്. അതുപോലെയുള്ള ഒരു പ്രവർത്തനമാണ് യൂത്ത് ഡിപ്പാർട്ട്മെന്റു കൊണ്ടും ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസമുണ്ടെങ്കിലും ഒരു സ്ഥിരം ജോലി എന്നത് പലർക്കും ഇന്ന് അപ്രാപ്യമാണ്. ചിലർ അവർക്ക് തന്നെ ഇഷ്ടമില്ലാത്ത വിഷയ ങ്ങൾ മറ്റുള്ളവരുടെ, പ്രത്യേകിച്ച് മാതാപിതാക്കളുടെ നിർബന്ധത്താൽ പഠിച്ചതാകാം. അതുകൊണ്ട് ജോലി കിട്ടിയാലും അവർ പോകുന്നില്ല. മറ്റ് ചിലരാകട്ടെ എന്തെങ്കിലും പഠിക്കേണ്ടേ എന്ന ചിന്തയിൽ പഠിച്ച താകാം. ലക്ഷ്യമില്ലാതെയും അവരവരുടെ ഇഷ്ടത്തിന് വിരുദ്ധമായും സ്വന്തം കഴിവുകൾ തിരിച്ചറിയാതെയും മറ്റും പഠിച്ചാൽ ഭാവി ഇരുളട ഞ്ഞതാകും. അതുകൊണ്ട് കുട്ടികൾക്ക് അവരുടെ ഭാവിയെ സംബ ന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള സഹായം കൊടുക്കുക എന്ന ചിന്തയും യൂത്ത് ഡിപ്പാർട്ട്മെന്റ് സ്ഥാപനത്തിന്റെ പിന്നിലുണ്ട്.

വളരെ കൃത്യമായി പറഞ്ഞാൽ യുവജനങ്ങളെ മാത്രമല്ല യൂത്ത് ഡിപ്പാർട്ടുമെന്റ് ലക്ഷ്യം വയ്ക്കുന്നത്. ഏഴാം ക്ലാസ്സിൽ പഠിയ്ക്കുന്ന വർ മുതൽ 35 വയസ്സുവരെയുള്ളവരെ യൂത്ത് ഡിപ്പാർട്ട്മെന്റ് ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇവരിൽ പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ളവർ ഭൂരിപക്ഷം പേരും മിഷൻ ലീഗിൽ അംഗങ്ങളാണ് എന്ന വസ്തുതയും ഇവിടെ അനുസ്മരിക്കുന്നു. മിഷൻ ലീഗിന്റെയും കെ.സി.വൈ.എമ്മിന്റെയും പ്രവർത്തനമാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്ത കാര്യങ്ങളാണ് യൂത്ത് ഡിപ്പാർട്ട്മെന്റ് കൈകാര്യം ചെയ്യാൻ ഉദ്ദേശിക്കുന്നത്. എങ്കിലും ആ സംഘടനകളുമായി സഹകരിച്ചായിരിക്കും യൂത്ത് ഡിപ്പാർട്ട്മെന്റ് പരി പാടികൾ ആസൂത്രണം ചെയ്യുന്നത്. അവർ തയ്യാറാക്കുന്ന പരിപാടി കളും യൂത്ത് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കുന്ന പരിപാടികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാനും യൂത്ത് ഡിപ്പാർട്ട്മെന്റ് പ്രത്യേകം ശ്രദ്ധിക്കും.

യൂത്ത് ഡിപ്പാർട്ട്മെന്റിൽ ആരും അംഗങ്ങളാകേണ്ടതില്ല. കാരണം, അതൊരു സംഘടനയല്ല പ്രത്യുത, രൂപതയുടെ ഏതൊരു ശുശ്രൂഷാ വിഭാഗത്തെയും പോലെ ഒരു വിഭാഗമാണ്. സംഘടനയല്ലാത്തതു കൊണ്ട് തെരഞ്ഞെടുപ്പുകളോ അംഗത്വമോ ശാഖകളോ ഒന്നും ഉണ്ടാ യിരിക്കില്ല. ഒരു ഡയറക്ടറും ആവശ്യമെങ്കിൽ അസിസ്റ്റന്റ് ഡയറക്ടറും ഉണ്ടായിരിക്കും. അതുപോലെ തന്നെ വിവിധതലങ്ങളിൽ നിന്നുള്ള പ്രതി നിധികളെ ഉൾപ്പെടുത്തിയുള്ള ഒരു രൂപതാ റിസോഴ്സ് ടീമും മറ്റൊരു രൂപതാ മോണിറ്ററിംഗ് ടീമും ഉണ്ടായിരിക്കും. ഇതിൽ റിസോഴ്സ് ടീമാണ് യൂത്ത് ഡിപ്പാർട്ട്മെന്റ് ഏറ്റെടുത്ത് നടത്തുന്ന എല്ലാ പരിപാടി കളും പ്ലാൻ ചെയ്യുന്നതും തയ്യാറാക്കുന്നതും. മോണിറ്ററിംഗ് ടീം സമ യാസമയങ്ങളിൽ പരിപാടികളെ വിലയിരുത്തി കുറവുകൾ ചൂണ്ടിക്കാ ണിച്ച് അവയെ മെച്ചപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും സഹായം കൊടുക്കുകയും ചെയ്യും.

യുവജനങ്ങൾക്ക് പൊതുവായി എന്തെങ്കിലും പരിപാടികൾ ഇടവകയിൽ നടത്താൻ താത്പര്യമുള്ള ബഹുമാനപ്പെട്ട വികാരിയച്ച ന്മാർക്ക് അതിനായി യൂത്ത് ഡിപ്പാർട്ട്മെന്റിനെ സമീപിക്കാവുന്നതാണ്. അവിടെ നിന്ന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാകും. സാധി ക്കുന്നത്ര റിസോഴ്സ് ടീം വഴിയായി നടത്തിപ്പിന് സഹായിക്കുകയും ചെയ്യും.

ഇങ്ങനെ ഇടവകയിലെ യുവജനങ്ങൾക്ക് പൊതുവായി നടത്തുന്ന പരിപാടികളുടെ സാമ്പത്തികഭാരം, ഇടവകയിൽ നടത്തപ്പെ ടുന്ന ധ്യാനം, പൊതുസെമിനാറുകൾ തുടങ്ങിയവയുടെ കാര്യത്തിലെ

ന്നപോലെ, ഇടവക തന്നെ ഏറ്റെടുക്കണം. ഉചിതമെന്ന് തോന്നുന്നിടത്ത് ഫീസും സംഭാവനകളും മറ്റും വാങ്ങിക്കുന്നതിൽ തടസ്സമൊന്നുമില്ല. ഇപ്രകാരം ചെയ്യുമ്പോൾ പരിപാടികളുടെ നടത്തിപ്പ് ഏറ്റെടുക്കാൻ ഇടവകയിലെ കെ.സി.വൈ.എം., മിഷൻലീഗ് യൂണിറ്റുകൾക്ക് എളുപ്പമാകുകയും ഫലം എല്ലാ യുവജനങ്ങളിലേയ്ക്കും എത്തുകയും ചെയ്യും.

ഏതൊരു പുതിയ സംരംഭത്തിലുമെന്നപോലെ യൂത്ത് ഡിപ്പാർട്ടുമെന്റിന്റെ കാര്യത്തിലും തുടക്കത്തിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടായെന്ന് വരാം. പക്ഷേ കാലക്രമത്തിൽ അനുഭവത്തിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് മാറ്റങ്ങൾ വരുത്തുമ്പോൾ അവയെല്ലാം ശരിയായ ദിശയിൽ നീങ്ങാൻ തുടങ്ങും. ഇതിനായി നിങ്ങളുടെ എല്ലാവരുടെയും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വൈദികരുടെയും സമർപ്പിതരുടെയും സംഘടനകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

നമ്മൾ ആരംഭിക്കുന്ന ഈ പുതിയ ശുശ്രൂഷാവിഭാഗത്തെ നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥയായ പരിശുദ്ധ കന്യാമറിയത്തിന് സമർപ്പിക്കുന്നു. നസ്രത്തിലെ കൊച്ചുവീട്ടിൽ തന്റെ മകനെ പരിപാലിച്ച് വളർത്തിയ പരിശുദ്ധ അമ്മ തീർച്ചയായും ഈ യത്നത്തിൽ നമ്മോടുകൂടെയായിരിക്കുകയും തന്റെ പുത്രനിൽ നിന്ന് ആവശ്യമായ എല്ലാ കൃപകളും വാങ്ങിത്തരുകയും ചെയ്യും. കർത്താവിന്റെ കൃപ നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 ജൂലൈ മാസം 20-ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ആഗസ്റ്റ് മാസം 24-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

***Circular Letter No. 10/2014***
***Prot. No. 16244/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ട ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, മതബോധനാധ്യാപകരേ, പ്രിയപ്പെട്ട കുട്ടികളേ,

മാനന്തവാടി രൂപതയിൽ ജന്മമെടുത്ത ക്രിസ്തുദാസി സമൂഹം കുട്ടികൾക്കായി ഒരു പുതിയ പരിശീലനപദ്ധതി ഐക്കൺ (EIKON) എന്ന പേരിൽ ആരംഭിക്കുകയാണ്. കുട്ടികളെ യേശുവിന്റെ ഛായയിലും സാദൃശ്യത്തിലും രൂപപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കുറച്ചുകൂടി കൃത്യമായി പറഞ്ഞാൽ ഒരു പരിപൂർണ്ണനേതാവായ യേശുവിന്റെ നേതൃത്വശൈലിയിലേയ്ക്ക് കുട്ടികളെ വളർത്തിക്കൊണ്ടുവരുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഇതിനായി കുട്ടികളെ തെരഞ്ഞെടുത്ത് അവരിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകളെ കണ്ടെത്തി വികസിപ്പിക്കാൻ ആവശ്യമായ പരിശീലനം കൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഒരു പ്രധാന ഭാഗം. അതുപോലെതന്നെ ക്രൈസ്തവമൂല്യങ്ങളിൽ അടിയുറച്ച ഒരു സ്വഭാവം അവരിൽ രൂപീകരിക്കുകയും മത്സരാധിഷ്ഠിതമായ ഇന്നത്തെ ലോകത്തിൽ മത്സരിക്കാനും നല്ല ഫലം പുറപ്പെടുവിക്കുന്നവരാകാനും അവരെ പ്രാപ്തരാക്കാനും ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നു. പദ്ധതിയുടെ വിശദവിവരങ്ങൾ ബഹുമാനപ്പെട്ട ക്രിസ്തുദാസി സഹോദരിമാരിൽ നിന്ന് തന്നെ ലഭിക്കുന്നതാണ്.

ക്രിസ്തുദാസി സമൂഹത്തിലെ സഹോദരിമാരുടെ സാന്നിദ്ധ്യമുള്ള എല്ലാ ഇടവകകളിലേയ്ക്കും ഈ പദ്ധതി ക്രമേണ വ്യാപിപ്പിക്കാൻ അവർ ആഗ്രഹിക്കുന്നു. ഈ യജ്ഞത്തിൽ നിങ്ങളുടെ എല്ലാവരുടെയും, പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ, സഹായസഹകരണങ്ങൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുന്നു. വളരെ പ്രധാനപ്പെട്ട ഈ ശുശ്രൂഷയേയും അത് നടത്തുന്നവരേയും ഇതിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളേയും പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ

ത്തിന് ഭരമേൽപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്നും 2014 ഓഗസ്റ്റ് മാസം 01-ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 സെപ്റ്റംബർ 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# സർക്കുലർ

*Circular Letter No. 12/2014*
*Prot. No. 16360/2014*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമുക്കേവർക്കും ഏറെ സന്തോഷം നൽകുന്ന ഒരു വാർത്തയായിരുന്നല്ലോ നമ്മുടെ അതിരൂപതയായ തലശ്ശേരിയുടെ മെത്രാപ്പോലീത്താ ആയി കർണ്ണാടകത്തിലെ മണ്ഡ്യ രൂപതയുടെ മെത്രാൻ അഭിവന്ദ്യ ജോർജ് ഞരളക്കാട്ട് പിതാവ് നിയമിതനായ വിവരം. ഓഗസ്റ്റ് 18 മുതൽ 30 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച് ബിഷപ്പിന്റെ കാര്യാലയത്തിൽ ചേർന്ന സീറോ മലബാർ മെത്രാൻ സിനഡാണ് സഭാ നിയമപ്രകാരം അദ്ദേഹത്തെ തെരഞ്ഞെടുത്തത്. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പയുടെ അംഗീകാരത്തോടെ തെരഞ്ഞെടുപ്പ് വിവരം അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ഓഗസ്റ്റ് 29 ന് വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് അദ്ദേഹത്തിന്റെ കാര്യാലയത്തിൽ വച്ച് പരസ്യപ്പെടുത്തി.

തലശ്ശേരി അതിരൂപതയ്ക്ക് വേണ്ടി വൈദികനായ അഭിവന്ദ്യ ഞരളക്കാട്ട് പിതാവ് മാനന്തവാടി രൂപത സ്ഥാപിതമായപ്പോൾ അവിടെ ചേരുകയായിരുന്നു. കാരണം അദ്ദേഹത്തിന്റെ പിതൃഭവനം മാനന്തവാടി രൂപതയിലെ നടവയൽ ഇടവകയിലാണ്. പല തലങ്ങളിലുള്ള തന്റെ ശുശ്രൂഷയിലൂടെ മാനന്തവാടി രൂപതയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് അദ്ദേഹം വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ആ ശുശ്രൂഷകളെ നന്ദിപൂർവ്വം ഓർക്കുന്നു. പിന്നീട് ഭദ്രാവതി രൂപത സ്ഥാപിതമായപ്പോൾ അതിന്റെ പ്രോട്ടോ സിഞ്ചെല്ലൂസ് എന്ന നിലയിലും അദ്ദേഹം ശുശ്രൂഷ ചെയ്തു. അവിടെ ആയിരുന്നപ്പോഴാണ് മണ്ഡ്യയിൽ നിയമിതനായത്. പുതിയ നിയമനത്തോടെ നമ്മുടെ അതിരൂപതാ മെത്രാപ്പോലീത്താ എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം നമുക്ക് ലഭ്യമാകുന്നു.

ഇത്തരുണത്തിൽ തലശ്ശേരി അതിരൂപതയ്ക്കും അതിന്റെ അഭിനവ ഇടയനായ അഭിവന്ദ്യ ഞരളക്കാട്ട് ജോർജ് പിതാവിനും ഭാവുകങ്ങളും ആശംസകളും ദൈവാനുഗ്രഹവും നേരാം. തലശ്ശേരി അതിരൂപതയ്ക്കും തലശ്ശേരിയുടെ സാമന്തരൂപതകളായ മാനന്തവാടി, താമരശ്ശേരി, ബെൽത്തങ്ങാടി, ഭദ്രാവതി, മണ്ഡ്യ എന്നീ രൂപതകളിലെ

ദൈവജനത്തിനും അവരുടെ ആദ്ധ്യാത്മികവും ഭൗതീകവുമായ വളർച്ചയ്ക്കും പുരോഗതിക്കും പുതിയ മെത്രാപ്പോലീത്തായുടെ നിയമനം നിമിത്തമാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. അതുപോലെ അഭിവന്ദ്യ ഞരളക്കാട്ട് പിതാവിന് ആയുരാരോഗ്യങ്ങൾ നേരുകയും ചെയ്യാം.

ഒക്ടോബർ മാസം 30-ന് വ്യാഴാഴ്ച രാവിലെ 9.30 ന് തലശ്ശേരി കത്തീഡ്രൽ ദേവാലയാങ്കണത്തിലാണ് അദ്ദേഹത്തിന്റെ സ്ഥാനാരോഹണച്ചടങ്ങുകൾ നടക്കുന്നത്. നമ്മുടെ രൂപതയിൽ നിന്ന് ഔദ്യോഗികമായി ഒരു സംഘം ചടങ്ങുകളിൽ പങ്കെടുക്കുന്നതാണ്. അതോടൊപ്പം സാധിക്കുന്നിടത്തോളം പേർ നമ്മുടെ രൂപതയിൽ നിന്ന് പങ്കെടുക്കാൻ ശ്രമിക്കണം എന്ന് അഭ്യർത്ഥിക്കുന്നു. സ്ഥാനാരോഹണ ചടങ്ങുകളിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഓരോ ഇടവകയിലെയും ബഹു. വികാരിയച്ചന്മാർ ശേഖരിക്കുകയും ഒക്ടോബർ 15-ന് മുൻപായി മാനന്തവാടി രൂപതാ വികാരി ജനറാളച്ചനെയോ ചാൻസലറച്ചനെയോ അറിയിക്കുക കൂടി ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യം തലശ്ശേരിയിൽ നിന്ന് പ്രത്യേകം അറിയിച്ചിട്ടുണ്ട്. അവർക്ക് എണ്ണം മുൻകൂട്ടി ലഭിക്കേണ്ടതിനാണിത്. നമ്മുടെ രൂപതയിൽ നിന്ന് പങ്കെടുക്കുന്ന എല്ലാവരും രൂപതാകേന്ദ്രത്തിൽ നിന്ന് തയ്യാറാക്കിതരുന്ന ബാഡ്ജ് ധരിക്കേണ്ടതാണ്. ഇവിടെ ലഭിക്കുന്ന എണ്ണം അനുസരിച്ചുള്ള ബാഡ്ജുകളേ തയ്യാറാക്കുകയുള്ളൂ. ഒക്ടോബർ 20-ാം തീയതിക്കും 25-ാം തീയതിക്കുമിടയിൽ രൂപതാ കേന്ദ്രത്തിൽ നിന്ന് ബാഡ്ജുകൾ കൈപ്പറ്റാവുന്നതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. കർത്താവിന്റെ കൃപ നിങ്ങളോടു കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഒക്ടോബർ മാസം 5-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 11/2014*
*Prot. No. 16351/2014*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

ഇടവകതിരുനാളുകളെപ്പറ്റി തീരുമാനിക്കാൻ നമ്മുടെ ഇടവകകളിൽ പൊതുയോഗങ്ങളിലും പാരിഷ് കൗൺസിലുകളിലും ചർച്ചകൾ സജീവമാകുന്ന കാലമാണല്ലോ ഒക്ടോബർ - നവംബർ മാസങ്ങൾ. തിരുനാളുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷങ്ങളിൽ നിങ്ങൾക്ക് ഞാൻ പല നിർദ്ദേശങ്ങളും നൽകിയിരുന്നു. പല ഇടവകകളിലും അക്കാര്യങ്ങൾ വളരെ ഗൗരവമായി ചർച്ച ചെയ്യുകയും തദനുസാരം തീരുമാനങ്ങൾ എടുത്ത് നടപ്പാക്കിത്തുടങ്ങുകയും ചെയ്തിട്ടുണ്ട് എന്നത് ഏറെ ശുഭോദർക്കമായ കാര്യമാണ്. എന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ താൽപ്പര്യം കാണിക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും അവരോടൊപ്പം പ്രവർത്തിക്കുന്ന ഇടവക ഭരണസമിതി അംഗങ്ങളേയും സമർപ്പിത സമൂഹങ്ങളേയും പ്രത്യേകം അനുമോദിക്കുകയും നന്ദി പറയുകയും അവരെയെല്ലാം കർത്താവിന്റെ കൃപയ്ക്കായി സമർപ്പിക്കുകയും ചെയ്യുന്നു. ശേഷിക്കുന്നവർ എത്രയുംവേഗം അപ്രകാരം ചെയ്യും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

ക്രൈസ്തവ വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിച്ചവരുടെ ഓർമ്മദിനങ്ങളുടെ ആചരണമാണ് ഇന്നത്തെ രീതിയിലുള്ള വിശുദ്ധരുടെ തിരുനാളാഘോഷങ്ങളായി രൂപാന്തരപ്പെട്ടത്. സ്വന്തം ജീവൻ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവൻ അത് നഷ്ടപ്പെടുത്തും; എന്നാൽ ആരെങ്കിലും എനിക്കുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തിയാൽ അവനത് കണ്ടെത്തും (മത്താ 16:25) എന്ന കർതൃവചനം ജീവിച്ചവർ എന്ന അർത്ഥത്തിൽ രക്തസാക്ഷികളുടെ മരണദിനങ്ങൾ സ്വർഗ്ഗത്തിലുള്ള അവരുടെ ജനന ദിവസങ്ങളായി കണക്കാക്കി ആദിമക്രൈസ്തവർ ഓർമ്മിക്കുകയായിരുന്നു. തങ്ങളോരോരുത്തരും അപ്രകാരം ആ വിശ്വാസം ജീവിക്കണം എന്ന ആ ആചരണങ്ങൾ ആദിമക്രൈസ്തവരെ ഓർമ്മപ്പെടുത്തി. ക്രമേണ വന്ദകന്മാർ എന്ന് സഭയിൽ അറിയപ്പെട്ടിരുന്നവരുടെ മരണദിനങ്ങളും ഇപ്രകാരം ആചരിക്കാൻ തുടങ്ങി. ക്രിസ്തുവിലുള്ള വിശ്വാസം ധീരോദാത്തമായി ജീവിച്ച് മരിച്ചവരെയാണ്

വന്ദകന്മാർ എന്ന ഗണത്തിൽപെടുത്തിയിരുന്നത്. കാലക്രമത്തിൽ വിശുദ്ധരെന്നു വിളിക്കപ്പെട്ട എല്ലാവരുടേയും മരണദിനങ്ങൾ ഇപ്രകാരം ആചരിക്കപ്പെടാൻ തുടങ്ങി.

തിരുനാളുകൾ ഒരിക്കലും ആഘോഷമായ സദ്യ അനുഭവിക്കാനുള്ള ദിവസമോ കലാമേളകൾ അരങ്ങേറാനുള്ള അവസരമോ സാമൂഹ്യ ഒന്നുചേരലിനുള്ള വേളയോ ആയിരുന്നില്ല. പ്രത്യുത, തികച്ചും ആദ്ധ്യാത്മികമായ ഒരു ലക്ഷ്യമാണ് അതിനുണ്ടായിരുന്നത്. ഈ ആദ്ധ്യാത്മിക ലക്ഷ്യം എന്തെന്ന് ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന ഒന്നാണ് തിരുനാളുകളോടനുബന്ധിച്ച് നടത്തുന്ന പ്രദക്ഷിണങ്ങൾ.

രണ്ട് കാര്യങ്ങളാണ് പ്രധാനമായും നിങ്ങളെ ഞാൻ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നത്. ഒന്ന് നമ്മുടെ തിരുനാളാഘോഷങ്ങൾ നഷ്ടപ്പെട്ടുപോയ അവയുടെ ആദ്ധ്യാത്മിക മാനം വീണ്ടെടുക്കണം. രണ്ട്, ആഘോഷങ്ങളും ആർഭാടങ്ങളും കുറച്ച് അവയ്ക്ക് ചെലവാക്കാൻ ഉദ്ദേശിച്ച പണത്തിന്റെ ഒരംശമെങ്കിലും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കണം. ഇത് എന്റെമാത്രം ഒരു ആശയമല്ല. കേരള കത്തോലിക്കാ മെത്രാൻസമിതി ഒന്നടങ്കം തന്നിട്ടുള്ള നിർദ്ദേശങ്ങളാണ്. 2010 ജൂൺ 8 മുതൽ 10 വരെ എറണാകുളത്ത് നടന്ന കേരള കത്തോലിക്കാ മെത്രാൻ സമിതിയിൽ നടന്ന ചർച്ചകളുടെ പശ്ചാത്തലത്തിലാണ് ആ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്. ഇക്കാര്യങ്ങൾ കഴിഞ്ഞ വർഷങ്ങളിലെല്ലാം ഞാൻ ആവർത്തിച്ചിട്ടുമുണ്ട്.

തിരുനാളുകളുടെ വാണിജ്യവത്ക്കരണം, കച്ചവടസ്ഥാപനങ്ങൾ ചെയ്യുന്നതുപോലെ വലിയപരസ്യ ബോർഡുകൾ സ്ഥാപിച്ച് ആളുകളെ ആകർഷിക്കൽ, റോഡ് വക്കിലുള്ള കപ്പേളകളിലും കുരിശടികളിലും മറ്റും ഗതാഗതം തടസ്സപ്പെടുത്തിക്കൊണ്ടുള്ള ആഘോഷങ്ങളും പ്രദക്ഷിണങ്ങളും, തിരുനാളിന് ചെലവാകുന്ന പണത്തിൽ ഒരുഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കേണ്ടുന്നതിന്റെ ആവശ്യകത, അക്രൈസ്തവമായ ചടങ്ങുകൾ തിരുനാളാഘോഷങ്ങളുടെ ഭാഗമാക്കുന്ന തെറ്റായ രീതി, പള്ളിയുടെ പാവനതയ്ക്കും ക്രൈസ്തമൂല്യങ്ങൾക്കും ചേരാത്ത കലാപരിപാടികളും മറ്റും പള്ളിപ്പരിസരങ്ങളിൽ അവതരിപ്പിക്കുന്നതിലെ അപാകത, രാവേറിയും പരിപാടികൾ നീണ്ട് പോകുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ, ആഘോഷത്തിന്റെ കൊഴുപ്പ് കൂട്ടാൻ ഒന്നിലധികം മെത്രാന്മാരെ ക്ഷണിക്കുന്നരീതി, മറ്റിടവകകളിൽ നിന്ന് കുരിശ്, കുട തുടങ്ങിയവ കടം വാങ്ങി ഉപയോഗിക്കുന്ന പതിവ്, തിരുനാൾ പ്രദക്ഷിണങ്ങൾ സാംസ്കാരിക ഘോഷയാത്രയിലേക്ക് അധഃപതിക്കുന്ന പ്രവണത, കരിമരുന്ന് പ്രയോഗത്തിലെ

അശ്രദ്ധയും അപകടങ്ങളും, തുടങ്ങിയ വിഷയങ്ങളിലാണ് ഇപ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത്. അവയിലേയ്ക്ക് ഒരിക്കൽകൂടി നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കുകയാണ്. ഇത് നിങ്ങളിൽ ചിലർക്കെങ്കിലും അലോസരം ഉണ്ടാക്കിയെന്ന് വരാം. എന്നാൽ അവ നിരന്തരം നിങ്ങളെ ഓർമ്മപ്പെടുത്തേണ്ടത് എന്റെ കടമയായി ഞാൻ കരുതുന്നു. നിരന്തരം ഓർമ്മപ്പെടുത്തിയതിന്റെ ഫലമായി തെർമോക്കോളിന്റേയും പ്ലാസ്റ്റിക്കിന്റേയും ഉപയോഗത്തിൽ വന്ന കുറവും അതിന്റെ നന്മകളും ഇത്തരുണത്തിൽ എല്ലാവരും ഓർക്കുന്നത് നന്നായിരിക്കും. അസാധ്യമെന്ന് തോന്നിയ കാര്യം നിങ്ങളുടെ സഹകരണമുണ്ടായപ്പോൾ സാധിതമായി. എനിക്കതിൽ വളരെ ചാരിതാർത്ഥ്യമുണ്ട്. തിരുനാളുകളുടെ കാര്യത്തിലും ഇതുപോലെ തന്നെ മാറ്റങ്ങൾ വരുത്താൻ നമുക്ക് കഴിയും.

വിശുദ്ധരുടെ തിരുനാളുകൾ അവർ ജീവിച്ച വിശ്വാസ ജീവിതത്തിന്റെ പ്രഘോഷണവും അവരുടെ ജീവിതമാതൃക അനുകരിക്കാനുള്ള ക്ഷണവുമാണ്. ആ അവസരങ്ങൾ കേവലം ഭൗതികമായി സന്തോഷിക്കാനുള്ള അവസരങ്ങളല്ല. തിരുനാളിന് കാരണഭൂതരായ വിശുദ്ധരുടെ വിശുദ്ധിക്ക് നിദാനമായ കാര്യങ്ങളാണ് ഓരോ തിരുനാളിലും നിഴലിക്കേണ്ടത്. ഉദാഹരണമായി വി. അൽഫോൻസാമ്മയുടെ തിരുനാൾ ചടങ്ങുകൾ ആ വിശുദ്ധ സഹനത്തിന് കൊടുത്ത പ്രാധാന്യം എടുത്ത് കാണിക്കുന്നതും സഹനത്തെ ക്രിസ്തീയമായി സ്വീകരിക്കാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നതുമാകണം. ഒരു വർഷത്തെ തിരുനാളാഘോഷത്തിനുശേഷം അടുത്ത വർഷത്തെ ആഘോഷംവരെയുള്ള കാലഘട്ടത്തിൽ ആ വിശുദ്ധയുടെ ജീവിതത്തെ അനുകരിച്ച് സഹനത്തെ സ്വീകരിക്കാനുള്ള പ്രചോദനം ലഭ്യമാകുന്നു എന്ന് ഉറപ്പു വരുത്തുക. അതല്ലെങ്കിൽ വിശുദ്ധർ കേവലം ഉദ്ദിഷ്ടകാര്യങ്ങൾ വാങ്ങിത്തരുന്നവരും ഇടവകയുടെ സാമ്പത്തിക വരവിന് കാണമാകുന്നവരും മാത്രമായി അധഃപതിക്കും. ഇന്നത്തെ തിരുനാളാഘോഷങ്ങളിലേയ്ക്ക് വിശുദ്ധർ കടന്നു വരുകയാണെങ്കിൽ അവർ അവയെ എങ്ങനെ സ്വീകരിക്കും എന്ന് സങ്കൽപ്പിച്ച് നോക്കാവുന്നതാണ്.

തിരുനാളുകളോടനുബന്ധിച്ച് നടത്തപ്പെടുന്ന പ്രദക്ഷിണങ്ങളാണ് നമ്മുടെ സജീവപരിഗണനയ്ക്ക് വിധേയമാകേണ്ട മറ്റൊരു വിഷയം. കേരളം ഒന്നാകെ ഒരു പട്ടണമായിമാറിക്കഴിഞ്ഞു. എങ്കിലും നമ്മുടെ റോഡുകൾ ഇന്നും പഴയ ഗ്രാമീണ ശൈലിയിലുള്ളതാണ്. ഈ റോഡുകളിലൂടെ അത്യാധുനിക വാഹനങ്ങൾ ചീറിപ്പായുകയും മനുഷ്യരും മൃഗങ്ങളും മറ്റും യാതൊരു ശ്രദ്ധയുമില്ലാതെ നടന്നുപോകുകയും ചെയ്യുന്നുണ്ട്. അതിനിടയിലൂടെ പ്രദക്ഷിണങ്ങൾ കടന്നു പോകുമ്പോൾ ഉണ്ടാ

കുന്ന വൈഷമ്യങ്ങളും അതിൽ പതിയിരിക്കുന്ന അപകടങ്ങളും കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. ജാതി-മത-സഹിഷ്ണത കുറയുകയും പരസ്പരസ്പർദ്ധ കൂടിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പ്രദക്ഷിണങ്ങൾ പരസ്പരസഹിഷ്ണത ഇനിയും കുറയ്ക്കാനും സ്പർദ്ധവീണ്ടും വർദ്ധിപ്പിക്കാനും മാത്രമേ ഉപകരിക്കുകയുള്ളു എന്ന് നാം ഓർക്കണം. നമ്മുടെ പ്രദക്ഷിണങ്ങൾ ശക്തിപ്രകടനങ്ങളല്ല. എങ്കിലും രാഷ്ട്രീയ ശക്തിപ്രകടനങ്ങൾ കണ്ട് ശീലിച്ചവർക്ക് അങ്ങനെയേ അവ അനുഭവപ്പെടുകയുള്ളു. ഒരു സമൂഹം എന്ന നിലയിലും മതമെന്ന നിലയിലും നമ്മുടെ നിലനിൽപ്പിന് തന്നെ ഭീഷണിയായേക്കാവുന്ന വലിയൊരു അപകടം അതിൽ പതിയിരിപ്പുണ്ട്. കാരണം ശക്തിപ്രകടനം ശക്തികുറഞ്ഞവരിൽ അസൂയയും ഭയവും ജനിപ്പിക്കുകയും തൽഫലമായി നമ്മൾ ഉദ്ദേശിക്കാത്ത പ്രത്യാഘാതങ്ങൾ ഉണ്ടാവുകയും ചെയ്തേക്കാം. ഈ വസ്തുത നമ്മൾ കാണാതിരിക്കരുത്.

കാണികളെ കൂട്ടാനുള്ള സാംസ്കാരിക ഘോഷയാത്രകളുമല്ല പ്രദക്ഷിണങ്ങൾ. അതുകൊണ്ട് തന്നെ ചെണ്ട-ബാൻഡ്-ശിങ്കാരിമേളക്കാരുടെ നീണ്ടനിരകൾക്കും പ്രച്ഛന്നവേഷക്കാർക്കും ഒന്നും അവിടെ പ്രസക്തിയുമില്ല. നമ്മുടെ പ്രദക്ഷിണങ്ങളുടെ പിന്നിലുള്ള ആദ്ധ്യാത്മിക കാഴ്ചപ്പാടിനെപ്പറ്റി മുമ്പൊരിക്കൽ ഞാൻ നിങ്ങൾക്ക് എഴുതിയിരുന്നത് ഒരിക്കൽകൂടി ഓർമ്മപ്പെടുത്തട്ടെ. കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അനുയാത്ര ചെയ്ത് സ്വർഗ്ഗത്തിലേയ്ക്കു പ്രവേശനം നേടാനുള്ള ഒരു തീർത്ഥയാത്രയാണ് വിശ്വാസജീവിതം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്ന കർമ്മമാണ് നമ്മുടെ പ്രദക്ഷിണങ്ങൾ. ഏറ്റവും മുമ്പേ വഹിക്കപ്പെടുന്ന മരക്കുരിശ് നമ്മെ ഓർമ്മപ്പെടുത്തുന്നത് കുരിശിൽ മരിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെയാണ്. അവിടുത്തെ അനുയാത്ര ചെയ്ത ഒരു വ്യക്തിയുടെ ഓർമ്മയാണ് തിരുനാളിൽ ആചരിക്കുന്നത് എന്നാണ് പ്രദക്ഷിണത്തിൽ വഹിക്കപ്പെടുന്ന രൂപവും തിരുശേഷിപ്പും നമ്മോട് വിളിച്ചോതുന്നത്. പ്രദക്ഷിണങ്ങൾക്ക് നമ്മുടെ പൂർവ്വികർ കൊടുത്തിരുന്ന ഈ ആദ്ധ്യാത്മികാർത്ഥം കൈമോശം വരാതെ നാം ശ്രദ്ധിക്കണം.

ആകാശവിസ്മയം എന്ന പേരിൽ പുറംവാതിലിലൂടെ കടന്ന് വന്നിരിക്കുന്ന വെടിക്കെട്ടിന്റേയും കരിമരുന്ന് പ്രയോഗത്തിന്റേയും കാര്യത്തിലും നമുക്കൊരു ശ്രദ്ധ ഉണ്ടാകണം. ബന്ദ് മാറി ഹർത്താൽ വന്നപ്പോഴുള്ള അവസ്ഥാ വിശേഷമാണ് ഇവിടെ സംജാതമായിരിക്കുന്നത്. ഫലത്തിൽ രണ്ടും ഒന്ന് തന്നെയാണല്ലോ. കരിമരുന്ന് പ്രയോഗത്തിൽ പതിയിരിക്കുന്ന ശബ്ദമലിനീകരണവും അന്തരീക്ഷ മലിനീകരണവും

അപകടവും നമ്മുടെ സവിശേഷ ശ്രദ്ധയ്ക്ക് വിഷയമാകണം. ഇവ യൊന്നും നിസ്സാരവത്ക്കരിക്കേണ്ട വിഷയങ്ങളല്ല. അവയെ നമ്മുടെ നില നിൽപ്പിന്റെ വിഷയങ്ങളായി മനസ്സിലാക്കണം.

ഓരോ വർഷവും തിരുനാളുകൾക്ക് ചെലവാക്കാൻ ഉദ്ദേശിക്കുന്ന തുകയുടെ അഞ്ച് ശതമാനമെങ്കിലും രൂപതയുടെ വിദ്യാഭ്യാസ നിധി യിലേയ്ക്ക് തരുന്ന കാര്യം പരിഗണിക്കണം എന്ന് മുൻപ് നിങ്ങളോട് ഞാൻ പറഞ്ഞിട്ടുള്ളത് ഈ വർഷവും ആവർത്തിക്കുകയാണ്. ഒട്ടു മിക്ക ഇടവകകളിലും ജീവകാരുണ്യ പ്രവർത്തനത്തിന് ധനസമാഹരണം നട ത്തുന്നുണ്ടെന്നും ധാരാളം ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തു ന്നുണ്ട് എന്നുമുള്ള വസ്തുത മറന്നുകൊണ്ടല്ല ഞാനിത് എഴുതുന്നത്. ഇവിടെ നമ്മൾ ഓർക്കേണ്ടത് വിധവയുടെ കൊച്ചുകാശിനെയാണ്. നമ്മുടെ മിച്ചത്തിൽ നിന്നല്ല, പ്രത്യുത നമ്മുടെ അത്യാവശ്യത്തിൽ നിന്ന് നാം ജീവകാരുണ്യപ്രവർത്തനം നടത്താനാണ് കർത്താവ് ആവശ്യപ്പെ ടുന്നത്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും തിരുനാളിന് വകയിരുത്തുന്ന തുകയുടെ അഞ്ച് ശതമാനമെങ്കിലും രൂപതാ വിദ്യാ ഭ്യാസ നിധിയിലേയ്ക്ക് നിങ്ങൾ സംഭാവന ചെയ്യണം എന്ന് അഭ്യർത്ഥി ക്കുന്നു. അത് ലഭിക്കുന്ന കുട്ടികൾ നിങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കു കയും നിങ്ങളെ ദൈവം അനുഗ്രഹിക്കുകയും ചെയ്യും. അങ്ങനെ നമ്മുടെ തിരുനാളാഘോഷങ്ങൾ ക്രൈസ്തവ വിശ്വാസത്തിന്റെ പ്രഘോഷ ണവും അതിലേയ്ക്കുള്ള ക്ഷണവുമാകട്ടെ. കർത്താവിന്റെ കൃപ നിങ്ങ ളേവരോടും കൂടിയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2014 സെപ്റ്റംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഒക്ടോബർ മാസം 12-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ

*Circular Letter No. 13/2014*
*Prot. No. 16439/2014*

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

പരിശുദ്ധപിതാവ് ഫ്രാൻസീസ് പാപ്പ 2014 നവംബർ 30 മുതൽ 2016 ഫെബ്രുവരി 2 വരെ സമർപ്പിതരുടെ വർഷമായി പ്രഖ്യാപിച്ച വിവരം നിങ്ങളിൽ പലരും മാധ്യമങ്ങളിൽ നിന്ന് അറിഞ്ഞ് കാണുമല്ലോ. സമർപ്പിതജീവിതത്തിൽ വലിയ മാറ്റങ്ങൾക്ക് വഴി തെളിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രബോധനം പുറപ്പെടുവിച്ചതിന്റെ അമ്പതാം വാർഷികത്തോടനുബന്ധിച്ചാണ് ഈ ആചരണം നടത്തുന്നത്. സമർപ്പിതവർഷത്തിൽ പ്രത്യേകമായി ഓർത്തിരിക്കേണ്ട മൂന്ന് കാര്യങ്ങൾ ഏവയെന്ന് ഇക്കാര്യം പ്രഖ്യാപിക്കപ്പെട്ട അവസരത്തിൽ പരിശുദ്ധ സിംഹാസനത്തിൽ നിന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഒന്ന്: രണ്ടാം വത്തിക്കാൻ സൂനഹദോസിന് ശേഷം സമർപ്പിത ജീവിതത്തിൽ വന്ന ഗുണപരമായ മാറ്റങ്ങളെ നന്ദിപൂർവ്വം സ്മരിക്കുക, രണ്ട്: പ്രതിസന്ധികളിലൂടെ കടന്നുപോകുകയാണെങ്കിലും സമർപ്പിതജീവിതത്തിന്റെ ഭാവിയെ പ്രത്യാശയോടെ നോക്കിക്കാണുക, മൂന്ന്: വർത്തമാനകാലത്ത് തീക്ഷ്ണതയോടെ ജീവിക്കാൻ സമർപ്പിതരെ പ്രേരിപ്പിക്കുക.

എന്തിനാണ് ഇങ്ങനെ ഓരോ വർഷവും പ്രഖ്യാപിക്കുന്നത് എന്ന് ചിലരെങ്കിലും ചോദിച്ചെന്ന് വരാം. അതിന് വി. പത്രോസ് ശ്ലീഹായുടെ ഒരു വാചകമാണ് ഉത്തരം. *നിങ്ങൾ ഇക്കാര്യങ്ങൾ അറിയുകയും നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന സത്യത്തിൽ ഉറച്ച് നിൽക്കുകയും ചെയ്യുന്നെങ്കിലും അവയെക്കുറിച്ച് എപ്പോഴും നിങ്ങളെ ഞാൻ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കും. ഞാൻ ഈ കൂടാരത്തിൽ ആയിരിക്കുന്നിടത്തോളം കാലം ഓർമ്മപ്പെടുത്തൽ വഴി നിങ്ങളെ ഉണർത്തുന്നത് ഉചിതമാണെന്ന് കരുതുന്നു* (2 പത്രോസ് 1:12) മനുഷ്യരെന്ന നിലയിൽ മറവി നമുക്ക് സഹജമാണ്. അപ്പോൾ നമ്മുടെ ഓർമ്മകളെ ഉണർത്തേണ്ടത് സഭാനേതൃത്വത്തിന്റെ കടമയാണ്. അതുപോലെ തന്നെ ദീർഘനാൾ ആരും ഓർമ്മപ്പെടുത്താനില്ലെങ്കിൽ നമ്മൾ പല കാര്യങ്ങളിലും

ഉറങ്ങിപ്പോയെന്നും വരാം. അപ്പോൾ കത്തോലിക്കർ എന്ന നിലയിൽ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ എന്തെന്ന് നമ്മെ ഓർമ്മപ്പെടുത്തുകയും പുതിയ ഒരുന്മേഷത്തോടെ വിശ്വാസജീവിതം തുടരാനുള്ള ചൈതന്യം നമുക്ക് തരുകയും ചെയ്യുക എന്നതാണ് ഇങ്ങനെയുള്ള വർഷങ്ങൾ പ്രഖ്യാപിക്കുന്നതിന്റെ ആത്യന്തിക ലക്ഷ്യം.

പരിശുദ്ധ പിതാവ് സമർപ്പിതവർഷം പ്രഖ്യാപിച്ചപ്പോൾ അതിന്റെ പിന്നിൽ ചില പ്രത്യേക കാരണങ്ങൾ ഉണ്ടായിരുന്നിരിക്കും എന്നത് നിസ്സംശയമാണ്. അതുപോലെ തന്നെ ചില ലക്ഷ്യങ്ങളും ഉണ്ടാകും. കത്തോലിക്കാ വിശ്വാസജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണ് സമർപ്പിതജീവിതം. ഒരു പ്രതിസന്ധിയിലൂടെയാണ് ഇന്നത് കടന്നുപോകുന്നത് എന്നത് സംശയരഹിതമായ കാര്യമാണ്. പരിശുദ്ധപിതാവ് ഈ വർഷത്തെ മിഷൻദിന സന്ദേശത്തിൽ പറയുന്നു: *ലോകത്തിന്റെ പല ഭാഗങ്ങളിലും വൈദികജീവിതത്തിലേയ്ക്കും സമർപ്പിതജീവിതത്തിലേയ്ക്കുമുള്ള വിളിയുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. മിക്കപ്പോഴും ഇതിന്റെ കാരണം സമൂഹങ്ങളിൽ പ്രേഷിതതീക്ഷ്ണതയുടെ ആകർഷണീയതയില്ലായ്മയാണ്. സമൂഹങ്ങൾ ആവേശരഹിതമാകുകയും ആകർഷിക്കുന്നതിൽ പരാജയപ്പെടുകയും ചെയ്യുന്നു.* ആ പ്രതിസന്ധിയെ തരണം ചെയ്ത് സമർപ്പിതജീവിതത്തെ അതിന്റെ പൂർവ്വസ്ഥിതിയിലേയ്ക്ക് തിരികെക്കൊണ്ടുവരുകയും അതേ സമയം കാലികമായി അതിനെ പ്രസക്തിയുള്ളതാക്കുകയും ചെയ്യേണ്ടത് കത്തോലിക്കാ സഭാജീവിതത്തിന്റെ പരിപോഷണത്തിന് അത്യന്താപേക്ഷിതമാണ്. ഈ ചിന്തയാണ് അദ്ദേഹത്തെ ഈ പ്രഖ്യാപനത്തിന് പ്രേരിപ്പിച്ചത്. മുകളിൽ സൂചിപ്പിച്ച സന്ദേശത്തിൽ മാർപ്പാപ്പ കൂട്ടിച്ചേർത്തു: *ക്രിസ്തുവിനെ കണ്ടുമുട്ടുന്നതിൽ നിന്നും ദരിദ്രരുമായി പങ്കു വയ്ക്കുന്നതിൽ നിന്നുമാണ് സുവിശേഷസന്തോഷം ഉണ്ടാകുന്നത്. ഇക്കാരണത്താൽ തീവ്രതയാർന്ന സാഹോദര്യത്തിന്റെ ജീവിതം നയിക്കാൻ ഇടവകസമൂഹങ്ങളേയും പ്രസ്ഥാനങ്ങളേയും ഗ്രൂപ്പുകളെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു.*

വർദ്ധിച്ച് വരുന്ന ലൗകികവത്ക്കരണം ഇന്ന് എല്ലാ മേഖലകളിലും ദൃശ്യമാണ്. പരിശുദ്ധപിതാവിന്റെ തന്നെ വാക്കുകളിൽ ഒരുതരം ലൗകിക മതാത്മകതയാണ് പല കത്തോലിക്കരും നയിക്കുന്നത്. ദൈവം, ആത്മാവ്, സ്വർഗ്ഗം, നരകം, പരലോകം തുടങ്ങിയ വിശ്വാസസത്യങ്ങൾക്ക് വലിയ മൂല്യം കൽപ്പിക്കാത്ത വ്യക്തികൾക്ക്

ഇക്കാര്യങ്ങളിൽ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സമർപ്പിതജീവിതത്തി ലേയ്ക്ക് ആകർഷണീയത കുറയുന്നത് സ്വാഭാവികം മാത്രം. ലൗകിക വത്ക്കരണത്തിന് തടയിടുകയും കത്തോലിക്കാവിശ്വാസജീവിതവും അതിന്റെ തന്നെ ഉപോൽപ്പന്നമായ സമർപ്പിതജീവിതവും കാലിക പ്രസ ക്തിയുള്ളതാകുകയും ചെയ്യണമെങ്കിൽ നമ്മൾ അവയെ ഇന്നത്തെ ശാസ്ത്രസാങ്കേതികയുഗത്തിന് മനസ്സിലാകുന്ന ഭാഷയിലും രീതിയിലും വിശദീകരിക്കേണ്ടതുണ്ട്. അതിന് ഏറ്റവും പറ്റിയ മാർഗ്ഗം സമർപ്പിത രുടെ ജീവിതസാക്ഷ്യം തന്നെയാണ്. അതോടൊപ്പം അതിന് അനുയോ ജ്യമായ ഭാഷാ സങ്കേതങ്ങൾ കണ്ടെത്തുകയും ചെയ്യണം. അങ്ങനെ സമർപ്പിതജീവിതസാക്ഷ്യത്തെ ഉദ്ദീപിയ്ക്കുകയും അതിലൂടെ ഈ ജീവി തത്തെപ്പറ്റി വിശ്വാസികളിൽ മതിപ്പ് വർദ്ധിപ്പിക്കുകയും ഈ ജീവിത ത്തിലേയ്ക്ക് കടന്നുവരുന്നവരുടെ എണ്ണവും ഗുണമേന്മയും വർദ്ധിപ്പി ക്കുകയും ചെയ്യുക എന്നത് ഈ വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യ ങ്ങളാണ്. മറ്റ് വാക്കുകളിൽ സമർപ്പിതജീവിതത്തിന്റെ മൂല്യവും പ്രാധാ ന്യവും ഒരിക്കൽകൂടി സമർപ്പിതരും മറ്റ് സഭാംഗങ്ങളും മനസ്സിലാക്കണം എന്നതാണ് ഈ വർഷാചരണത്തിന്റെ ലക്ഷ്യം.

സമർപ്പിതർ എന്ന് പറഞ്ഞാൽ ആരാണ്? ക്രിസ്തുവിനെ അടുത്ത് അനുകരിക്കാനും അവിടുത്തെ രക്ഷാകരദൗത്യം അതാത് കാലങ്ങളിൽ തുടർന്ന് കൊണ്ടുപോകാനും മറ്റുള്ളവരെ ഈ രക്ഷയിലേയ്ക്ക് നയി ക്കാനും സ്വയം സമർപ്പിച്ചവരാണ് സമർപ്പിതർ. മുമ്പെല്ലാം അവർ സഭ യിൽ അറിയപ്പെട്ടിരുന്നത് സന്യാസിനീ സന്യാസികൾ എന്നായിരുന്നു. എന്നാൽ അവർ ഭാരതീയമായ രീതിയിലുള്ള സന്യാസം സ്വീകരിച്ചവ രല്ല. തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ച് പരിപൂർണ്ണമായി ഈശ്വരധ്യാന ത്തിൽ മുഴുകുക എന്നതാണ് ഭാരതീയസന്യാസസങ്കല്പം. അവർ ഈശ്വരനിൽ മാത്രം ആശ്രയിച്ച് മറ്റുള്ളവർ കൊടുക്കുന്നത് ഭക്ഷിച്ച് സ്ഥിരമായ താമസസ്ഥലമോ സ്വന്തമായി വസ്തുവകകളോ കുടും ബമോ ഒന്നുമില്ലാതെ ഏകരായി ജീവിക്കുന്നവരാണ്. അവർ ഏതെ ങ്കിലും തരത്തിലുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നില്ല. അവ രിൽ നിന്ന് ആരും അത് പ്രതീക്ഷിക്കുന്നുമില്ല. അതേ സമയം ആളു കൾ അവരെ ദൈവമനുഷ്യരായി കണ്ട് അവരുടെ അനുഗ്രഹം തേടി യെത്തുകയും അത് ലഭിക്കുകയും ചെയ്യുന്നു. നിയതമായ നിയമ സംഹിതയോ ഏതെങ്കിലും അധികാരികളുടെ നിയന്ത്രണമോ ഭാരതീയ സന്യാസത്തിൽ ഇല്ല എന്നതും വസ്തുതയാണ്.

എന്നാൽ കത്തോലിക്കാ സന്യാസം അഥവാ സമർപ്പിതജീവിതം ഇങ്ങനെയുള്ള ഒന്നല്ല. ഒറ്റയ്ക്കാണെങ്കിലും സമൂഹമായിട്ടാണെങ്കിലും കത്തോലിക്കാ സഭയുടെ നിയമനുസരിച്ച് അധികാരപ്പെട്ടവർ, അതായത്, മാർപാപ്പയോ രൂപതാ മെത്രാന്മാരോ, അംഗീകരിച്ചിട്ടുള്ള നിയമസംഹിതകൾക്ക് വിധേയമായി അനുസരണം, ദാരിദ്ര്യം, ബ്രഹ്മചര്യം എന്നീ വ്രതങ്ങൾ അനുഷ്ഠിച്ചുകൊണ്ട് ജീവിക്കുന്നവരും ചുറ്റുമുള്ള സമൂഹത്തിന് ശുശ്രൂഷ ചെയ്യുന്നവരുമാണ് കത്തോലിക്കാസമർപ്പിതർ. സ്വയം വിശുദ്ധീകരണവും മറ്റുള്ളവരുടെ വിശുദ്ധീകരണവും ഒരുപോലെ ക്രൈസ്തവസമർപ്പണ ജീവിതത്തിൽ ലക്ഷ്യം വയ്ക്കുന്നുണ്ട്. ഇത് നമ്മുടെ കർത്താവിന്റെ രക്ഷാകരദൗത്യത്തിന്റെ തുടർച്ചയാണ്.

സ്ത്രീകൾക്കും പുരുഷന്മാർക്കുമുള്ള സമർപ്പിതസമൂഹങ്ങൾ സഭയിലുണ്ടെന്ന് നിങ്ങൾക്കറിയാം. പുരുഷസമർപ്പിതരിൽ വൈദികപട്ടം സ്വീകരിച്ചവരും സ്വീകരിക്കാത്തവരുമുണ്ട്. ആദ്യകാല സമർപ്പിതർ ആരും വൈദികരായിരുന്നില്ല എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. മധ്യശതകങ്ങളിലും ഇതുതന്നെയായിരുന്നു സ്ഥിതി. വിശുദ്ധ ഫ്രാൻസീസ് അസ്സീസിയും അദ്ദേഹത്തിന്റെ സഹസമർപ്പിതരും ഉദാഹരണമാണ്. ഇന്നും അകത്തോലിക്കാ സഭാസമൂഹങ്ങളിൽ ഇത് തന്നെയാണ് സ്ഥിതി. എന്നാൽ കത്തോലിക്കാസഭയിൽ സമർപ്പിതർ വൈദികരായി പട്ടമേൽക്കാൻ തുടങ്ങിയതോടെ സമർപ്പിത ജീവിതത്തെ സംബന്ധിച്ച കാഴ്ചപ്പാടിൽ തന്നെ മാറ്റം വന്നു. സമർപ്പിതരാണെങ്കിലും വൈദികസ്ഥാനത്തിന് പ്രാമുഖ്യം കൽപ്പിക്കപ്പെടുകയും സമർപ്പിതജീവിതാവസ്ഥ രണ്ടാം സ്ഥാനത്തേയ്ക്ക് പിൻതള്ളപ്പെടുകയും ചെയ്തു. തൽഫലമായി വൈദികരല്ലാത്ത പുരുഷസമർപ്പിതർക്ക് സമൂഹത്തിൽ സ്ഥാനം കൽപ്പിക്കാത്ത അവസ്ഥയും വന്ന് ചേർന്നു. അതുകൊണ്ട് ബ്രദേഴ്സ് എന്നറിയപ്പെടുന്ന സമർപ്പിതസഹോദരങ്ങൾ സഭയിലും സമൂഹത്തിലും മാനിക്കപ്പെടാതെ പോകുന്നുണ്ടെന്ന വസ്തുത എടുത്തു പറയേണ്ടതാണ്. ഈ അവസ്ഥയ്ക്ക് മാറ്റം വരണം. യഥാർത്ഥസമർപ്പിതജീവിതം വൈദികശുശ്രൂഷയുമായി ബന്ധപ്പെട്ട് നിൽക്കുന്നതല്ല എന്ന വസ്തുത നമ്മൾ അനുസ്മരിക്കുകയും സമർപ്പിതജീവിതാർത്ഥികളെ ഇക്കാര്യം പറഞ്ഞ് മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്.

യഥാർത്ഥ ക്രിസ്തുശിഷ്യരാകാൻ താൽപര്യമുള്ളവർ തനിക്കുള്ളവയേയും തന്നെത്തന്നേയും പരിത്യജിച്ച് സ്വന്തം കുരിശെടുത്ത്

തന്റെ പിന്നാലെ വരണമെന്നും പൂർണ്ണരാകാൻ ആഗ്രഹിക്കുന്നെങ്കിൽ തങ്ങൾക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്തശേഷം തന്റെ പിന്നാലെ വരുക എന്നും സ്വർഗ്ഗരാജ്യത്തെപ്രതി ഷണ്ഡരാകുന്നവർക്ക് ഒന്നിന് നൂറിരട്ടി ലഭിക്കുമെന്നും മറ്റുമുള്ള കർത്താവിന്റെ പ്രബോധനങ്ങളിൽ ആകർഷിതരായി സഭയുടെ ആദിമകാലം മുതൽ തന്നെ പലരും ഈ ലോകവ്യഗ്രതകളിൽ നിന്നകന്ന് മരുഭൂമിയിലും വനത്തിലും മറ്റും താപസ ജീവിതം ആരംഭിച്ചിരുന്നു. മധ്യശതകങ്ങളിൽ, പ്രത്യേകിച്ച് പാശ്ചാത്യ രാജ്യങ്ങളിൽ, സമൂഹത്തിലെ ദൈന്യതകൾ കണ്ട് മനസ്സലിഞ്ഞ പലരും ആ ദൈന്യതകൾക്ക് പരിഹാരം കണ്ടെത്താൻ സ്വയം സമർപ്പിച്ച് ഇറങ്ങിയതിന്റെ ഫലമായി ഇന്ന് കാണുന്ന തരത്തിലുള്ള സമർപ്പിതസമൂഹങ്ങൾ ജന്മമെടുത്തു. ക്ഷേമരാഷ്ട്ര സങ്കൽപ്പമൊന്നും ഇല്ലാതിരുന്ന ആ കാലങ്ങളിൽ സർക്കാരിന്റേതായി ആശുപത്രികളും സ്കൂളുകളും മറ്റും ഇല്ലായിരുന്നു. അതിനാൽ ഈ സമൂഹങ്ങൾ അവയും സ്ഥാപിക്കേണ്ടി വന്നു. എന്നാൽ കാലക്രമത്തിൽ സമൂഹനന്മയ്ക്ക് വേണ്ടി പണിതുയർത്തപ്പെട്ട ആ സ്ഥാപനങ്ങൾ തന്നെ സമൂഹത്തിൽ നിന്ന് ഒറ്റപ്പെടാനും അവർക്ക് കാരണമായി എന്നത് ഒരു വിരോധാഭാസമായി നിലകൊള്ളുന്നു. ഈ സ്ഥിതി മാറുകയും മാറ്റുകയും വേണം എന്നതാണ് പരിശുദ്ധപിതാവിന്റെ ആശയം.

2014 ഫെബ്രുവരി 2 നുള്ള ത്രികാലജപവേളയിൽ പരിശുദ്ധ പിതാവ് ഇപ്രകാരം ഉദ്ബോധിപ്പിച്ചു: *ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ സമർപ്പിതർ ദൈവത്തിന്റെ സംജ്ഞയാണ്. കൂടുതൽ നീതിപൂർവ്വകവും സഹോദരതുല്യവുമായ സമൂഹത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ പുളിമാവാണത്. ഏറ്റവും എളിയവരോടും ദരിദ്രരോടും പങ്കുവെയ്ക്കാനുള്ള ഭാവികാല പ്രവചനമാണവർ. അപ്രകാരം മനസ്സിലാക്കി ജീവിക്കുന്ന സമർപ്പിതജീവിതം, അത് യഥാർത്ഥത്തിൽ എന്താണോ അതായി കാണപ്പെടുന്നു: അത് ദൈവത്തിൽ നിന്നുള്ള വരദാനമാണ്, സഭയ്ക്കുള്ള ദൈവികസമ്മാനമാണ്. തന്റെ ജനത്തിന് ദൈവം നൽകുന്ന കൃപാവരമാണ്. ഓരോ സമർപ്പിതവ്യക്തിയും ദൈവജനത്തിന് അതിന്റെ പ്രയാണത്തിലെ ഒരു വരദാനമാണ്. അവരുടെ സാന്നിദ്ധ്യത്തിന്റെ ആവശ്യം വളരെ വലുതാണ്.* സമർപ്പിതസഹോദരിമാരെപ്പറ്റി അദ്ദേഹം തുടർന്ന് പറഞ്ഞു: *സമർപ്പിത സഹോദരിമാർ ഇല്ലാത്ത സഭയെക്കുറിച്ച് ഒന്ന് ചിന്തിച്ചാലും! അത് അചിന്തനീയമാണ്.*

*അവർ ഒരു വരദാനമാണ്. ദൈവജനത്തെ മുന്നോട്ട് നയിക്കുന്ന പുളിമാവ് അവരാണ്. തങ്ങളുടെ ജീവിതം മുഴുവനായി ദൈവത്തിന് സമർപ്പിക്കുന്ന ഈ വനിതകൾ യേശുവിന്റെ സന്ദേശം വഹിക്കുന്നു. അവർ മാഹാത്മ്യമുള്ളവരാണ്.*

മാർപ്പാപ്പ വീണ്ടും കൂട്ടിച്ചേർത്തു: *ദൈവികസ്നേഹത്തിന്റേയും കരുണയുടെയും ഈ സാക്ഷ്യം സഭയ്ക്കും ലോകത്തിനും കൂടിയേ തീരൂ. ദൈവം നല്ലവനും കരുണാമയനും ആണെന്നുള്ളതിന്റെ തെളിവ് ആയ സമർപ്പിതസഹോദരങ്ങൾ അപ്രകാരം സമർപ്പിതജീവിതത്തിന്റെ അനുഭവങ്ങൾ കൃതജ്ഞതയോടെ വിവേചിച്ചറിയേണ്ടതാണ്. വൈവിധ്യമാർന്ന വ്യക്തിപ്രഭാവങ്ങളും ആദ്ധ്യാത്മികതയും ആഴത്തിൽ മനസ്സിലാക്കുകയും വേണം. സഹോദരർക്ക് വേണ്ടി നിസ്വാർത്ഥസേവനം ചെയ്യാൻ തങ്ങളെത്തന്നെ മുഴുവനായി സമർപ്പിക്കാൻ കർത്താവ് ക്ഷണിക്കുന്നവർ ആയ നിരവധി യുവതീയുവാക്കൾ അതെ എന്ന് കർത്താവിന് ഉത്തരം നൽകാൻ പ്രാർത്ഥന ആവശ്യമാണ്.... ഇക്കാരണങ്ങളാൽ.... സമർപ്പിതജീവിതത്തിന് വേണ്ടി അടുത്ത വർഷം മാറ്റിവയ്ക്കപ്പെടും.*

സമൂഹത്തിന്റേയും സഭയുടേയും അടിസ്ഥാനഘടകം കുടുംബമാണ്. കുടുംബങ്ങളാകട്ടെ ജീവിക്കുന്നത് പ്രാദേശികസഭയായ ഇടവകകളിലും. കുടുംബത്തിലാണ് വ്യക്തികൾ ജനിക്കുന്നതും വളരുന്നതും പക്വത പ്രാപിക്കുന്നതും. കുടുംബത്തിലെ അന്തരീക്ഷം വ്യക്തിയുടെ വളർച്ചയിൽ നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. മാതാപിതാക്കൾ കൊടുക്കുന്ന ശിക്ഷണം അതിൽ അതിപ്രധാനമായ സ്വാധീനം ചെലുത്തുന്നുണ്ട്. ആ ശിക്ഷണമാകട്ടെ അടിസ്ഥാനപരമായി നിലകൊള്ളുന്നത് അവരുടെ ജീവിതസാക്ഷ്യത്തിലാണ്. നല്ല കുടുംബാന്തരീക്ഷമുണ്ടെങ്കിലേ മക്കളുടെ വളർച്ച നല്ല രീതിയിലായിരിക്കയുള്ളു. ആഴമായ ക്രൈസ്തവവിശ്വാസം ഉള്ള കുടുംബങ്ങളിൽ നിന്നേ നല്ല വിശ്വാസചൈതന്യമുള്ള ഭാര്യാഭർത്താക്കന്മാരും വൈദികരും സമർപ്പിതരും ജനിക്കുകയുള്ളൂ. സമർപ്പിതവർഷമാണ് ആചരിക്കപ്പെടുന്നതെങ്കിലും അതിന് കുടുംബവുമായി അഭേദ്യബന്ധമുണ്ട്. അതുകൊണ്ട് ഈ വർഷാചരണത്തിലും കുടുംബങ്ങളുടെ പ്രാധാന്യം എടുത്ത് പറയേണ്ടതാണ്.

മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്താണ് നമ്മുടെ രൂപതയിലെ സമർപ്പിതവർഷാചരണ പദ്ധതി തയ്യാറാക്കിയി

രിക്കുന്നത്. ഈ വർഷത്തിൽ നമ്മുടെ രൂപതയിൽ ചെയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങളുടെ വിശദവിവരങ്ങൾ സമർപ്പിതരുടേതുൾപ്പെടെയുള്ള വിവിധ രൂപതാസമിതികളിൽ ചർച്ച ചെയ്ത് തയ്യാറാക്കിയവയാണ്. അവയുടെ വിശദവിവരങ്ങൾ ബുള്ളറ്റിൻ മുഖേന സമയാസമയങ്ങളിൽ നിങ്ങളെ അറിയിക്കുന്നതാണ്. അവയനുസരിച്ച് പ്രവർത്തിക്കാനും അവ നടപ്പിലാക്കാനും ബന്ധപ്പെട്ട എല്ലാവരും പ്രത്യേകിച്ച് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ, ഇടവകയിലുള്ള സമർപ്പിതർ, കൈക്കാരന്മാർ, കമ്മിറ്റിക്കാർ, മതബോധനാധ്യാപകർ, സംഘടനാഭാരവാഹികൾ തുടങ്ങിയവരുടെ സഹകരണത്തോടെ ശ്രദ്ധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

സമർപ്പണവർഷാചരണത്തിന്റെ മാനന്തവാടി രൂപതാതല ഉദ്ഘാടനം 2014 നവംബർ 22-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് വിശുദ്ധ കുർബാനയോടെ ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. ബഹുമാനപ്പെട്ട ഫൊറോനാ വികാരിമാർ, പാസ്റ്ററൽ കൗൺസിൽ സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ, വൈദികസമിതി അംഗങ്ങൾ, നമ്മുടെ രൂപതയിലുള്ള സുപ്പീരിയർ ജനറൽമാർ, പ്രൊവിൻഷ്യൽ സുപ്പീരിയർമാർ, റീജിയണൽ സുപ്പീരിയർമാർ എല്ലാ സമർപ്പിതസമൂഹഭവനങ്ങളുടേയും സുപ്പീരിയർമാർ, ഭക്തസംഘടനകളുടെ രൂപതാഭാരവാഹികൾ എന്നിവരാണ് ഉദ്ഘാടനദിവസത്തെ ചടങ്ങുകളിൽ പങ്കെടുക്കേണ്ടത്.

സമർപ്പിതവർഷത്തിന്റെ ഇടവകാതല ഉദ്ഘാടനം സമർപ്പിത വർഷത്തിന് ആഗോളതലത്തിൽ റോമിൽ മാർപ്പാപ്പ തിരിതെളിക്കുന്ന ദിവസമായ നവംബർ 30 ന് ഞായറാഴ്ച അതാത് ഇടവകകളിലെ സമർപ്പിതരുടെ സജീവസഹകരണത്തോടെ സമുചിതമായി നടത്തേണ്ടതാണ്. ഞായറാഴ്ച ആദ്യത്തെ വിശുദ്ധകുർബാനയ്ക്ക് മുമ്പായി ബഹു. വികാരിയച്ചനും സമർപ്പിതഭവനങ്ങളിലെ സുപ്പീരിയർമാരും നടത്തുകൈക്കാരനും മതബോധന പ്രധാന അധ്യാപകനും ചേർന്ന് തിരിതെളിച്ചാണ് ഉദ്ഘാടനം നിർവ്വഹിക്കേണ്ടത്.

ഈ സമർപ്പിതവർഷത്തിൽ മാനന്തവാടി രൂപതയിൽ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നവരും മുൻകാലങ്ങളിൽ ഇവിടെ ശുശ്രുഷ ചെയ്ത് കടന്നുപോയവരുമായ എല്ലാ സഹോദരങ്ങളേയും നന്ദിപൂർവ്വം അനുസ്മരിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. ഈ രൂപത ഇന്നത്തെ നിലയിലായതിന്റെ പിന്നിൽ അവരുടെ നിസ്വാർത്ഥമായ കഠിനാധ്വാനവുമുണ്ട് എന്ന വസ്തുത നമുക്ക് വിസ്മരിക്കാതിരിക്കാം.

സഭാഗാത്രത്തിലെ ഒരു പ്രധാന ഭാഗമായ സമർപ്പിതരെ വേണ്ടവിധം ആദരിക്കാനും അവരുടെ ശുശ്രൂഷകളെ നന്ദിപൂർവ്വം അനുസ്മരിക്കാനും ഉള്ള അവസരമാകട്ടെ ഈ വർഷം എന്ന് ആശംസിക്കുന്നു. സമർപ്പിത ജീവിതത്തിലേയ്ക്ക് ഇനിയും ധാരാളം പേർ കടന്നുവന്ന് നമ്മുടെ സഭയെ സമ്പന്നമാക്കുകയും സഭയെ ഇന്നത്തെ ലോകത്തിന് പ്രസക്തമാക്കുകയും ചെയ്യട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 ഒക്ടോബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 നവംബർ മാസം 9-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**



# ഇടയലേഖനം

*Pastoral Letter No. 01/2014*
*Prot. No. 16534/2014*

മാനന്തവാടി രൂപതയുടെ അദ്ധ്യക്ഷനായ
**പൊരുന്നേടം മാർ ജോസ് മെത്രാൻ**
തന്റെ സഹശുശ്രൂഷകരായ വൈദികർക്കും, ശെമ്മാശ്ശന്മാർക്കും, സമർപ്പിതർക്കും, അൽമായ സഹോദരങ്ങൾക്കും, തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനം മുഴുവനും എഴുതുന്നത്.

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ കർത്താവിന്റെ ജനനത്തിരുനാളിന് ഒരുക്കമായിട്ടുള്ള ഇരുപത്തഞ്ചു നോമ്പിലാണല്ലോ നാമിപ്പോൾ. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട ഏതാനും ആദ്ധ്യാത്മിക ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ. നമ്മുടെ ആരാധനക്രമം ഒമ്പത് കാലങ്ങളായി തിരിച്ചിരിക്കുന്നത് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. ഓരോ കാലവും കർത്താവിന്റെ ജീവിതത്തിലെ അല്ലെങ്കിൽ അവിടുത്തെ ശിഷ്യരുടെ സമൂഹമായ സഭയുടെ ജീവിതത്തിലെ ഓരോ ഘട്ടത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തുവർഷത്തിലെ ജനുവരി, ഫെബ്രുവരി തുടങ്ങിയ മാസങ്ങളുടെ പേരുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും. അവയ്ക്കെല്ലാം ഓരോ അർത്ഥമുണ്ട്. അതുപോലെ തന്നെ ആരാധനക്രമവർഷത്തിലെ തിരിവുകൾക്കും അർത്ഥമുണ്ട്. കർത്താവിന്റെ ജീവിതത്തിലെ അല്ലെങ്കിൽ അവിടുന്ന് തന്നെ ശിരസ്സായ അവിടുത്തെ മൗതികശരീരത്തിന്റെ ജീവിതത്തിലെ ഓരോ ഘട്ടത്തെ അവ ദ്യോതിപ്പിക്കുന്നു.

ആരാധനക്രമത്തിലെ ആദ്യകാലഘട്ടം ആഗമനകാലം അഥവാ മംഗളവാർത്താക്കാലമാണ്. രക്ഷകന്റെ വരവിനെ സൂചിപ്പിക്കുന്നതിനാൽ ആഗമനകാലമെന്നും പരിശുദ്ധ കന്യാമറിയത്തോട് ദൈവദൂതൻ അരുളിച്ചെയ്ത നല്ല വാർത്തയുടെ, അതായത് രക്ഷകന്റെ വരവിന്റെ, ഓർമ്മയായതിനാൽ മംഗളവാർത്താക്കാലമെന്നും വിളിക്കപ്പെടുന്നു. ആദിമാതാപിതാക്കളുടെ പാപത്തെത്തുടർന്ന് പറുദീസായിൽ നിന്ന് പുറത്താക്കപ്പെട്ട മനുഷ്യനെ രക്ഷിക്കാൻ ദൈവം ഒരു രക്ഷകനെ വാഗ്ദാനം

ചെയ്തു. ആ രക്ഷകന് വന്നു പിറക്കാൻ ഒരു ജനത്തെ അവിടുന്ന് തെരഞ്ഞെടുത്ത് ഒരുക്കാൻ ആരംഭിക്കുകയും ചെയ്തു.

അബ്രാഹത്തിന്റെ വിളിയിലൂടെ അങ്ങനെ തെരഞ്ഞെടുക്കപ്പെട്ട ജനമാണ് ഇസ്രായേൽ അഥവാ യഹൂദർ. അവർക്ക് മൂശ വഴി ദൈവം കൊടുത്ത നിയമങ്ങളുടെയും ചട്ടങ്ങളുടെയും എല്ലാം ലക്ഷ്യം ഒന്ന് മാത്രമായിരുന്നു. രക്ഷകനായി ദൈവപുത്രന് പിറക്കാൻ തക്കവിധം യോഗ്യമായ വിശുദ്ധിയുള്ള ഒരു ജനമായി അവരെ നിലനിർത്തുക. നിർഭാഗ്യവശാൽ അവർ ആ നിയമങ്ങളെ ലംഘിച്ചു. അപ്പോഴൊക്കെ ദൈവം അവരുടെ പ്രത്യേകമായ വിളിയെപ്പറ്റിയും അതിനുള്ള മാർഗ്ഗമായി ദൈവം കൊടുത്ത നിയമങ്ങളുടെ ശരിയായ അനുഷ്ഠാനങ്ങളെപ്പറ്റിയും അവരെ ഓർമ്മപ്പെടുത്താൻ അവിടുന്ന് പ്രവാചകന്മാരെ അയച്ചു. എന്നാൽ അവരെ അവർ കൊന്നുകളഞ്ഞു. കാരണം അവരുടെ ദൃഷ്ടിയിൽ പ്രവാചകന്മാർ പറഞ്ഞ കാര്യങ്ങളും കാണിച്ച് കൊടുത്ത വഴികളും അവരുടെ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായിരുന്നു. കാത്തിരിപ്പിന്റെ കാലം നീണ്ടപ്പോൾ ഇസ്രായേൽ ദൈവത്തിന്റെ വചനങ്ങളുടെയും അവിടുത്തെ നിയമങ്ങളുടെയും അർത്ഥവും ലക്ഷ്യവും മറന്ന് പോയിരുന്നു. രക്ഷകനിൽ അവർ കണ്ടത് ഒരു രാഷ്ട്രീയ രക്ഷകനെ ആയിരുന്നു. രക്ഷ എന്നത് റോമാക്കാരുടെ അടിമത്തത്തിൽ നിന്നുള്ള രക്ഷയായി അവർ തെറ്റിദ്ധരിച്ചു. ദാവീദിന്റെ വംശത്തിൽ രക്ഷകൻ പിറക്കും എന്നറിയാവുന്ന അവർ അവിടുത്തെ ദാവീദിന്റെ മകനായ ഒരു രാജകുമാരനായി മനസ്സിലാക്കി. ഫലമോ, യഹൂദരിൽ വളരെപ്പേരും ജോസഫെന്ന ആശാരിയുടെയും വീട്ടമ്മയായ സാധാരണക്കാരി മറിയത്തിന്റെയും മകനായി അറിയപ്പെട്ട ഈശോയിൽ രക്ഷകനെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടു.

ആഗമനകാലത്തെ നോമ്പാചരണത്തിന്റെ ലക്ഷ്യം രക്ഷകന് വന്നു പിറക്കാൻ പാകത്തിന് നമ്മളോരോരുത്തരും ആകുന്ന വ്യക്തികളെയും നമ്മൾ ഉൾക്കൊള്ളുന്ന സമൂഹങ്ങളെയും ആന്തരികവും ബാഹ്യവുമായി പരിശുദ്ധരാക്കുക എന്നതാണ്. ഭക്ഷണപാനീയങ്ങളിലുള്ള നിയന്ത്രണവും കൂടുതലായി ചൊല്ലുന്ന പ്രാർത്ഥനകളും നടത്തുന്ന തീർത്ഥാടനങ്ങളും എല്ലാം അതിന്റെ ബാഹ്യപ്രകടനങ്ങൾ മാത്രമാണ്. അവ അനുഷ്ഠിച്ചതുകൊണ്ട് മാന്ത്രികമായി ഫലമൊന്നും ഉണ്ടാകുകയില്ല. നമ്മുടെ മനസ്സ് ശുദ്ധമായിരിക്കണം. കർത്താവിന്റെ വചനം ശ്രദ്ധിക്കുക. അവൻ ജനങ്ങളെ തന്റെ അടുത്തുവിളിച്ചു പറഞ്ഞു: *നിങ്ങൾ കേട്ടു മനസ്സിലാക്കുവിൻ വായിലേക്കു പ്രവേശിക്കുന്നതല്ല, വായിൽ നിന്നു വരുന്നതാണ് ഒരുവനെ അശുദ്ധനാക്കുന്നത്..... ഈ ഉപമ ഞങ്ങൾക്കു വിശദീകരിച്ചു തരണമേ എന്നു പത്രോസ് അപേ*

*ക്ഷിച്ചു. അവൻ ചോദിച്ചു: നിങ്ങൾ ഇപ്പോഴും ഗ്രഹണശക്തിയില്ലാത്ത വരാണോ? വായിൽ പ്രവേശിക്കുന്നവ ഉദരത്തിലേക്കു പോകുന്നെന്നും അവിടെനിന്ന് അതു വിസർജിക്കപ്പെടുന്നെന്നും നിങ്ങൾ ഗ്രഹിക്കു ന്നില്ലേ? എന്നാൽ, വായിൽനിന്നു വരുന്നത് ഹൃദയത്തിൽ നിന്നാണു പുറപ്പെടുന്നത്. അതു മനുഷ്യനെ അശുദ്ധനാക്കുന്നു. ദുശ്ചിന്തകൾ, കൊലപാതകം, പരസംഗം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, പരദൂഷണം എന്നിവയെല്ലാം ഹൃദയത്തിൽ നിന്നാണ് പുറപ്പെടുന്നത്. ഇവയാണ് ഒരുവനെ അശുദ്ധനാക്കുന്നത്.* (മത്തായി 15:11-20)

ഈ നോമ്പിന്റെ അവസരത്തിലും തുടർന്നും നമ്മുടെ ഹൃദയ ങ്ങളെയും മനസ്സുകളെയും കർത്താവ് സൂചിപ്പിച്ച എല്ലാ തിന്മകളിൽ നിന്നും നമുക്ക് മോചിപ്പിക്കാം. അപ്പോൾ രക്ഷകന് വന്നു പിറക്കാൻ തക്കവിധം നമ്മുടെ മനസ്സും ഹൃദയവും പരിശുദ്ധമാകും.

കർത്താവിന്റെ ജനനത്തിരുനാൾ കഴിഞ്ഞാൽ ഏതാനും ദിവസ ങ്ങൾക്കുള്ളിൽ നമ്മൾ പുതിയൊരു വർഷത്തെ 2015 നെ വരവേൽക്കു കയാണ്. കടന്നുപോയ വർഷം ദൈവം നമുക്ക് നൽകിയ നിരവധിയായ നന്മകൾക്കായി അവിടുത്തേക്ക് നന്ദി പറയാം. അതുപോലെ കടന്നു പോയ വർഷം സംഭവിച്ച പരാജയങ്ങളിൽ ദുഃഖിച്ചിരിക്കാതെ ധൈര്യ പൂർവ്വം മുന്നോട്ട് പോകാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. പരാജയ ങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് നമ്മുടെ ഭാവിപ്രവർത്തനങ്ങളെ വിജ യത്തിലേയ്ക്ക് നയിക്കാനുള്ള ശക്തി അവിടുന്ന് നമുക്ക് തരും. ഏവർക്കും ഫലദായകമായ നോമ്പുകാലവും, സന്തോഷപ്രദമായ ക്രിസ്തുമസ്സും സമൃദ്ധിയും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരവും ആശംസിക്കുന്നു. കർത്താവിന്റെ കൃപ നിങ്ങളേവരോടുംകൂടിയുണ്ടാ യിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2014 നവംബർ മാസം 20 ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ ഇടയലേഖനം 2014 ഡിസംബർ മാസം 7-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

# സർക്കുലർ



***Circular Letter No. 14/2014***
***Prot. No. 16502/2014***

കർത്താവിനാൽ സ്നേഹിക്കപ്പെട്ടവരേ,

നമ്മുടെ രൂപതയിൽ പുതിയതായി ആരംഭിച്ച യൂത്ത് ഡിപ്പാർട്ട്മെന്റിനെപ്പറ്റി ഈ കഴിഞ്ഞ ജൂലൈ മാസത്തിൽ നിങ്ങൾക്ക് ഞാൻ എഴുതിയിരുന്നല്ലോ. ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം ആരംഭിച്ചു എന്ന് നിങ്ങളെ അറിയിക്കാൻ എനിക്ക് അനൽപ്പമായ സന്തോഷമുണ്ട്. കെ.സി.വൈ.എം. ഡയറക്ടർ കൂടിയായ ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചനാണ് യൂത്ത് ഡിപ്പാർട്ട്മെന്റിന്റെ ചുമതലയും വഹിക്കുന്നത് എന്ന കാര്യവും നിങ്ങൾക്ക് അറിവുള്ളതാണല്ലോ.

ഏതൊരു പ്രവർത്തനവും കാര്യക്ഷമവും ഫലവത്തും അങ്ങനെ വിജയകരവും ആകണമെങ്കിൽ പ്രവർത്തനങ്ങൾ കാലേക്കൂട്ടി വേണ്ട പോലെ ആസൂത്രണം ചെയ്യുകയും ഇടയ്ക്കിടെ അവലോകനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്. ആസൂത്രണം നന്നാകണമെങ്കിൽ അതിനാവശ്യമായ അടിസ്ഥാന വിവരങ്ങൾ ആവശ്യമാണ്. യുവജനങ്ങൾക്ക് വേണ്ടി പദ്ധതികൾ തയ്യാറാക്കുമ്പോൾ നമ്മുടെ രൂപതയിൽ അവർ എത്ര പേരുണ്ട്, അവർ എവിടെയെല്ലാമാണ് ഇപ്പോഴുള്ളത്, അവരുടെ കുടുംബ, സാംസ്കാരിക, വിദ്യാഭ്യാസ, സാമ്പത്തിക പശ്ചാത്തലങ്ങൾ ഏവ, തുടങ്ങിയ വിവരങ്ങൾ അത്യന്താപേക്ഷിതമാണ്. അങ്ങനെ ഏതെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിലേ അവരുടെ ആവശ്യങ്ങൾ തിരിച്ചറിയാനും അങ്ങനെ അവർക്ക് വേണ്ടി എന്തെങ്കിലും ക്രിയാത്മകമായി ചെയ്യാനും കഴിയുകയുള്ളു. നിലവിൽ അത്തരം വിവരങ്ങൾ നമ്മുടെ പക്കലില്ല.

മേൽപ്പറഞ്ഞ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നമ്മുടെ രൂപതയിലെ യുവജനങ്ങളുടെ ഒരു സമഗ്ര സ്ഥിതിവിവരക്കണക്ക്

എടുക്കുന്നതിനെപ്പറ്റി ഈ വർഷത്തെ വാർഷികധ്യാനത്തിന്റെ അവസരത്തിൽ സൂചിപ്പിച്ചിരുന്നത് ബഹുമാനപ്പെട്ട വൈദികർ ഓർമ്മിക്കുന്നുണ്ടാകും. അതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ യൂത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് തുടങ്ങിയിട്ടുണ്ട്. സർവ്വേയുടെ വിജയത്തിന് ഇടവകയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വൈദികർ, സമർപ്പിതർ, കൈക്കാരന്മാർ, കമ്മിറ്റിക്കാർ, വിവിധസംഘടനകൾക്ക് നേതൃത്വം കൊടുക്കുന്നവർ എന്നിവരുടെ സഹായസഹകരണങ്ങൾ ഉണ്ടാകണം എന്ന് ഞാൻ പറയേണ്ടതില്ലല്ലോ.

കുട്ടികളുടേയും യുവജനങ്ങളുടെയും വിവരശേഖരണത്തിനായി രണ്ട് വ്യത്യസ്ത ഫോറങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ഒന്നാമത്തേത് സ്കൂളിൽ ഏഴാം ക്ലാസു മുതൽ പ്ലസ് ടു വരെ പഠിക്കുന്നവർക്ക് വേണ്ടിയും രണ്ടാമത്തേത് പ്ലസ് ടു കഴിഞ്ഞവർ മുതൽ 35 വയസ്സുവരെയുള്ളവരെ ഉദ്ദേശിച്ചുമാണ്. പഠനത്തിനും ജോലിയ്ക്കും മറ്റുമായി ദൂരെയായിരിക്കുന്നവരെ ഉദ്ദേശിച്ച് ഇന്റർനെറ്റിലൂടെ ഫോറം അയച്ചുകൊടുക്കാനുള്ള സംവിധാനവും ഒരുക്കുന്നുണ്ട്.

പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പായുടെ *ആനന്ദത്തിലേയ്ക്കുള്ള പത്ത് കൽപ്പനകൾ* ലോകമാദ്ധ്യമങ്ങൾ വളരെ പ്രാധാന്യത്തോടെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അവയിൽ ഒന്നാണ് ക്രിയാത്മകമായ വഴികളിലൂടെ മഹത്തരമായ ജോലി കണ്ടെത്താൻ യുവജനങ്ങളെ സഹായിക്കുക എന്നത്. ഈ ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി യുവജന സർവ്വേയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിനും യുവജനങ്ങളുടെ തൊഴിൽ സാദ്ധ്യതകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു കർമ്മപദ്ധതിക്ക് രൂപം കൊടുക്കാൻ യൂത്ത് ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നു.

ആയതിനാൽ ഈ സർവ്വേ അതീവ ഗൗരവത്തോടെയും താത്പര്യത്തോടെയും സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. 2014 ഡിസംബർ 31 ന് മുമ്പായി സർവ്വേ പൂർത്തിയാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. കാലാനുസൃതവും ഗുണപരവും ആയ രീതിയിൽ ക്രിസ്തുവിനെ യുവജനങ്ങളുടെ ഇടയിൽ അവതരിപ്പിക്കാൻ ഈ സർവ്വേയിൽ നിന്ന് ലഭിക്കുന്ന ഫലത്തിലൂടെ രൂപപ്പെടുന്ന അജപാലന പദ്ധതി സഹായിക്കും എന്നതിൽ സംശയമില്ല.

സർവ്വേ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ രൂപതാ യൂത്ത് ഡിപ്പാർട്ട്മെന്റിൽ നിന്ന് ലഭ്യമാണ്. ഏവരുടേയും സഹായവും സഹ കരണവും അഭ്യർത്ഥിക്കുകയും മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു. കർത്താവിന്റെ കൃപ നിങ്ങളോടു കൂടെയുണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കേന്ദ്രത്തിൽ നിന്ന് 2014 നവംബർ മാസം 20 ന് നൽകപ്പെട്ടത്.

**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ 2014 ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**